ശ്രേഷ്ഠനും ശക്തനുമായ വിജയി

നിങ്ങൾക്കു, പ്രഭാത വന്ദനം. നിങ്ങൾ ഓരോരുത്തർക്കും "ഈസ്റ്റർ ആശംസകൾ!" ഇത് നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേല്പിനെ ഓർക്കേണ്ട ഏറ്റവും മഹത്തായ ദിനങ്ങളിൽ ഒന്നാണ്. ഇത് ലോക ചരിത്രത്തിലുടനീളമുള്ള ഏറ്റവും ശ്രേഷ്ഠമായ ദിവസങ്ങളിൽ ഒന്നാണ്. അത് ഉയിർത്തെഴുന്നേല്പാണ്. ഈ മഹത്തായ ദിവസത്തിൽ ഇന്നു രാവിലെ നേരം നാം ഇവിടെ ആയിരിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. സൂര്യൻ ഉദിച്ചുവരികയും, പൂക്കൾ ഭൂമിയിൽ നിന്നും ഉണ്ടാവുകയും ചെയ്യുന്നു, സകലതും ഈസ്റ്ററിനെക്കുറിച്ചാണ് സംസാരിക്കുന്നത്.

ഇപ്പോൾ ഒരു നിമിഷത്തിലേയ്ക്ക് നമുക്ക് നമ്മുടെ തലകളെ വണക്കാം.

2 പിതാവാം, ദൈവമേ, അങ്ങയുടെ സന്നിധിയിൽ ഞങ്ങൾ വരുന്നു. ഇന്നു രാവിലെ നേരം, സ്വർഗ്ഗത്തിൽ നിന്നും ഒരല്പം കൂടുതൽ ആശീർവാദം, ഞങ്ങളുടെ പ്രാണനുകളിൽ ഈസ്റ്ററിന്റെ അല്പം അധികം സ്പർശനം; അത്, ഇവിടം വിട്ടുപോകുമ്പോൾ; എമ്മാവൂസിൽ നിന്നും മടങ്ങിയവർ പറഞ്ഞതുപോലെ, "അവന്റെ സാന്നിദ്ധ്യം നമ്മുടെ കൂടെ ഉണ്ടായിരുന്നപ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ?" എന്നു പറയാൻ ഇടവരട്ടെ, അത് അങ്ങ് ഞങ്ങൾക്ക് നൽകുമെന്നു പ്രതീക്ഷിക്കുകയാണ്. എന്തെന്നാൽ, ഇത് ഞങ്ങൾ അവന്റെ നാമത്തിൽ അവന്റെ പുകഴ്ചക്കായി ചോദിക്കുന്നു. ആമേൻ.

3 വിശുദ്ധ മത്തായി സുവിശേഷത്തിന്റെ അവസാനത്തിലെ 28-ആം അദ്ധ്യായം 7-ആം വാക്യം, നാം സർവ്വീസിലേയ്ക്ക് കടക്കുന്നതിനു മുമ്പായി ഒരു വിഷയത്തിനായി വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

> *അവൻ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നു വേഗം ചെന്നു അവന്റെ ശിഷ്യന്മാരോട് പറയിൻ; അവൻ നിങ്ങൾക്കു മുമ്പേ ഗലീലെക്കു പോകുന്നു; അവിടെ നിങ്ങൾ അവനെ കാണും; ഞാൻ നിങ്ങളോട് പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞു.*

4 ഈ ഭൂമിയിലെ ജനങ്ങൾക്കും മനുഷ്യനും ചെയ്യാനേല്പിച്ച അനേക ശ്രേഷ്ഠമായ പ്രവർത്തികളുണ്ട്. എന്നാൽ, "അവൻ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന് ചെന്ന് എന്റെ

ശിഷ്യന്മാരോട് പറവിൻ," എന്ന ഒരു അതിപ്രാധാന്യമേറിയ കാര്യം ചെയ്യാനേല്പിച്ച പ്രവർത്തി ഇതുവരെ ഉണ്ടായിട്ടില്ല. അത് ഒരു മഹത്തായ ചെയ്യാനേല്പിച്ച പ്രവർത്തിയായിരുന്നു. ഇത് ചെയ്യാനാകുന്ന ഏക വഴിയെന്നത്, എന്തായിരുന്നെന്നാൽ ആദ്യം തന്നെ ഒരു ശ്രേഷ്ഠമായ ജയം കൈവരിക്കേണ്ടതായിട്ടുണ്ടായിരുന്നു.

5 നമ്മുടെ നാൾക്കളിലും, കഴിഞ്ഞുപോയ നാൾക്കളിലും, ഈ ലോകത്തിന്റെ മഹത്തായ ചരിത്രത്തിലുടനീളം. അതിന്റെ ശ്രേഷ്ഠവും, വിശാലവുമായ യുദ്ധക്കളത്തിൽ; അനേക മഹത്തായ ജയശാലികളായ മനുഷ്യരുണ്ടായിട്ട്, അനേക ശ്രേഷ്ഠമായ കാര്യങ്ങൾ മനുഷ്യരാശിയ്ക്കായി ചെയ്തെന്നിരിക്കാം.

6 ഉദാഹരണമെന്നോണം, ഞാൻ ചിന്തിക്കുകയാണ്, രാവിലെ തന്നെ എഴുന്നേറ്റ്, ഈ യോഗത്തിനായി കടന്നു വരുമ്പോൾ, അധികം വായിക്കാനുള്ള അവസരം കിട്ടിയിരുന്നില്ല. എന്തെന്നാൽ, കഴിഞ്ഞ രാത്രിയിൽ നാം ഏതു ഭാഗമാണ് എടുത്തതെന്നും, ഇന്നു രാവിലെ സർവ്വീസിൽ, ഞാനും പാസ്റ്ററും ഏതു ഭാഗങ്ങളുടെ ഇടയിൽ നിന്നുമാണ് എടുക്കുന്നതെന്നും എനിക്കറിയില്ലായിരുന്നു. എന്നാൽ ഞാൻ യാത്രയിലായിരിക്കുമ്പോൾ, ഇന്നു രാവിലെനേരം അവന്റെ ജനങ്ങളോട് ഒരു സന്ദേശമായി പറയാൻ എന്റെ പക്കലുള്ളതിൽ വെച്ച് ഏറ്റവും നല്ലത് എന്തായിരിക്കും എന്നു ഞാൻ ചിന്തിക്കാനിടയായി. ഞാൻ ഇതിനെക്കുറിച്ച് ചിന്തിച്ചു, "പോയി എന്റെ ശിഷ്യന്മാരോട് പറവിൻ." ഇപ്പോൾ, അവന്റെ *ശിഷ്യന്മാരെന്നാൽ* അവനെ "അനുഗമിക്കുന്നവരാണ്." ഒരു ശിഷ്യൻ എന്നാൽ "അനുഗമിക്കുന്ന ഒരാൾ." അതിനുശേഷം ഞാൻ ഈ വിഷയത്തെക്കുറിച്ച് ചിന്തിച്ചു, *ആ ശ്രേഷ്ഠനും ശക്തനുമായ വിജയി*.

7 ഈ ലോകത്തിൽ നമുക്ക് എത്രയധികം ശ്രേഷ്ഠരായ ജയശാലികൾ ഉണ്ടായിരുന്നു എന്നും അവർ മനുഷ്യന്റെ ജീവിത നിലവാരം ഉണ്ടായിരുന്നതിൽ നിന്ന് വീണ്ടും മുന്നോട് കൊണ്ടുപോകാൻ വളരെ മഹത്തായ കാര്യങ്ങൾ ചെയ്തു എന്നതിനെക്കുറിച്ചും ചിന്തിക്കാൻ തുടങ്ങി. ഞാൻ മഹാനായ നെപ്പോളിയനെപ്പറ്റി, അദ്ദേഹത്തിന്റെ ദിവസത്തെക്കുറിച്ച്, എങ്ങനെയാണ് അദ്ദേഹം തികച്ചും ഒരു ഫ്രഞ്ചുകാരനായിരുന്നില്ല, എന്നാൽ അദ്ദേഹത്തിന്റെ മനസ്സിൽ എന്തോ ചിലതുണ്ടായിരുന്നു. ആദ്യമായി, അയാൾ—അയാൾ ഫ്രാൻസിനെ നിന്ദിക്കുമായിരുന്നു, അയാൾ അവനെ ഇഷ്ടപ്പെട്ടിരുന്നില്ല. അയാൾ ദ്വീപിൽ നിന്നുമാണ് വന്നിരുന്നത്. എന്നാൽ അയാൾക്കു ജയിച്ചടക്കേണ്ടതുണ്ട് എന്ന ഒരു ആശയം അയാളുടെ മനസ്സിലുണ്ടായിരുന്നു. ഇത്

അയാളുടെ മനസ്സിൽ ഉണ്ടായതിന്റെ കാരണമെന്തെന്നാൽ, അയാൾക്ക് എന്തിന്റെയോ മേൽ എന്തോ ചെയ്യാനുണ്ടായിരുന്നു എന്നതിനാലാണ്.

8 ഓരോ മനുഷ്യനും, നിങ്ങൾ ഒരു ജോലി ചെയ്യുന്നതിനു മുമ്പ്, നിങ്ങൾക്ക് ഒരു ആന്തരോദ്ദേശം ഉണ്ടായിരിക്കും, ചില പകരം വെയ്ക്കൽ, എന്തെങ്കിലും പ്രവർത്തിക്കാനാരംഭിക്കുമ്പോൾ, ആ പ്രവർത്തനത്തിന്റെ ഉദ്ദേശത്തിനായി, എന്തിന്റെയെങ്കിലും മേൽ നിങ്ങൾക്ക് പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.

9 നമുക്ക് എല്ലാവർക്കും പരിചിതനായി ഹിട്ലറുടെ ചരിത്രം എടുത്താൽ...അഥവാ, ഹിട്ലറെപ്പറ്റിയല്ല, നെപ്പോളിയനെക്കുറിച്ച്, ചന്ദ്രൻ മറഞ്ഞും നക്ഷത്രങ്ങൾ മാറുമ്പോഴും അദ്ദേഹം യാത്ര ചെയ്തിരുന്നു. അയാൾ അങ്ങനെ പ്രവർത്തിച്ചുകൊണ്ട് പ്രതീക്ഷ വെച്ചിരുന്നതോ; അപ്രകാരം അയാൾ ഒരു പ്രാവശ്യം ചെയ്തപ്പോൾ, അയാൾക്ക് ഒരു ജയം ഉണ്ടായി. അയാൾ ഫ്രാൻസിലേയ്ക്ക് വരികയും, ഒരു ശ്രേഷ്ഠ യോദ്ധാവായിത്തീരുകയും ചെയ്തു. അയാൾ അനേക മനുഷ്യരെ കൊന്നൊടുക്കി, എന്തെന്നാൽ അവർ അയാളുമായി യോജിച്ചിരുന്നില്ല. അയാൾക്കു വിരുദ്ധമായിരുന്ന എല്ലാ കാര്യങ്ങളും അയാൾ രാജ്യത്തിൽ നിന്നും നീക്കി അതിനെ ശുദ്ധീകരിച്ചു. അയാൾ അതിനെ എല്ലാം പരിപൂർണ്ണമായും തുടച്ചു മാറ്റി, എന്തെന്നാൽ അയാൾ അതിനെ ആ വിധത്തിലാണ് ഇഷ്ടപ്പെട്ടിരുന്നത്. അയാൾക്കത് അങ്ങനെ ചെയ്യാനായില്ലെങ്കിലോ, അയാളുടെ മനസ്സിൽ അതിനു വിരോധമായി എന്തോ എപ്പോഴും ഉണ്ടാകുമായിരുന്നു, അത് അയാളുടെ ഹൃദയത്തിലുണ്ടായിരുന്ന മഹത്തായ പദ്ധതിയായിരുന്നു. അയാൾക്ക് കഴിയാവുന്നതിൻറെ പരമാവധി തന്റെ മുഴു രാജ്യത്തേയും ശരിയായി വെച്ചിരുന്നു, എന്തെന്നാൽ തന്റെ സ്വന്ത ജീവൻപോലും അപകടത്തിലാകുമായിരുന്നു.

10 ഇപ്പോൾ ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുന്ന ഈ മഹാൻ വിജയിയെക്കുറിച്ച്, ചിന്തിക്കുമ്പോൾ നിങ്ങൾ എന്നെ അനുഗമിച്ചു കൊണ്ടിരിക്കുകയാണ് എന്നു ഞാൻ വിചാരിക്കുകയാണ്. അവന്റെ രാജ്യത്തിലുള്ളതെല്ലാം അവനുള്ളതാണ്. ശരീരം, പ്രാണൻ ആത്മാവ് എല്ലാം അവനു വേണ്ടിയിട്ടുള്ളതായിരിക്കണം. അവന് വിരുദ്ധമായി യാതൊന്നും ഉണ്ടാകാൻ പാടില്ല. എന്തെങ്കിലും അവന് വിരുദ്ധമായിട്ടുണ്ടെങ്കിൽ, അവൻ അതിനെ പറഞ്ഞയക്കേണ്ടതുണ്ട്. അവന്റേതെല്ലാം തികച്ചും അവനു വേണ്ടിയുള്ളതായിരിക്കണം. അതു കഴിയുമ്പോൾ...

11 നെപ്പോളിയൻ, വാളുകൾ, തോക്കുകൾ, പീരങ്കികൾ, പണ്ടത്തെ ചെറിയ കൈത്തോക്കുകൾ, തുടങ്ങിയ ആയുധങ്ങൾ തന്റെ കൈയ്യിലെടുത്തു. പിന്നെ, അയാളുടെ മനസ്സിലുണ്ടായിരുന്ന ചിന്തയുമായി, അത്, ലോകത്തെ ജയിച്ചടക്കേണ്ടതുണ്ട് എന്ന ചിന്തയുമായി മുന്നോട്ട് നീങ്ങി. അവൻ അത് പ്രായോഗികമാക്കിയത് തന്റെ മുപ്പത്തിമൂന്നാം വയസ്സിലാണ്. അദ്ദേഹം തന്റെ യൗവ്വന പ്രായത്തിൽതന്നെ, ഒരു പുകവലിക്കുന്നയാളായിരുന്നു. അവന്റെ ശ്രേഷ്ഠത ഇത്രയും സ്വതസിദ്ധമായി പ്രശസ്തിയാർജ്ജിച്ചപ്പോൾ; അത് അവന്റെ ഞരമ്പുകളിൽ പിടിക്കുകയും, അദ്ദേഹം തന്റെ മുപ്പത്തി മൂന്നാമത്തെ വയസ്സിൽ മരിക്കുന്നതുവരെയും ഒരു മദ്യപാനിയുമായിരുന്നു. അദ്ദേഹത്തിന്റെ പ്രശസ്തി, അദ്ദേഹത്തിന് നിലനിർത്താനായില്ല. ലോകം ജയിച്ചടക്കിയ ഒരുവൻ, തന്റെ പ്രശസ്തിമൂലം അയാൾ എന്തിലേയ്ക്കാണോ മല്ലിട്ടുകൊണ്ടിരുന്നത് അതിൽ നിന്നും വ്യതിചലിച്ച്, മുപ്പത്തിമൂന്നാം വയസ്സിൽ തന്നെ ഒരു മദ്യപാനിയായി മാറി, മരിച്ചുപോയി എന്നതിനെക്കുറിച്ച് ഞാൻ ചിന്തിച്ചു. അദ്ദേഹം ആയിരുന്ന—അദ്ദേഹം ഒരു മാതൃകയായിരുന്നു, അഥവാ, ഒരു മാതൃകയല്ല, ഞാൻ അതിനെ ഇങ്ങനെ പറയേണ്ടതുണ്ട്, എന്തെന്നാൽ അദ്ദേഹം പിശാചിന്റെ ഒരു ഉപകരണമായിരുന്നു. ലോകത്തെ കീഴക്കടക്കാനായി ശ്രമിച്ചുകൊണ്ടിരുന്നു, മുപ്പത്തിമൂന്നാം വയസ്സിൽ, അദ്ദേഹം പരാജപ്പെട്ടു.

12 എന്നാൽ, ഓ, ഞാൻ സംസാരിക്കാൻ പോകുന്ന ഈ ശ്രേഷ്ഠനും, ശക്തനുമായ യുദ്ധവീരൻ, മുപ്പത്തി മൂന്നാം വയസ്സിൽ, ഈ ഭൂമി മേലുള്ളതും, നരകത്തിലുമുണ്ടായിരുന്ന സകലത്തേയും ജയിച്ചടക്കി. ഒരു ശ്രേഷ്ഠനും ശക്തനുമായ വിജയി, തന്റെ മുപ്പത്തി മൂന്നാം വയസ്സിൽ!

13 യുദ്ധഭൂമികളിൽ വെച്ചു ഉണ്ടായിട്ടുള്ള മഹത്തായ യുദ്ധങ്ങളെപ്പറ്റി ഞാൻ ചിന്തിക്കുകയാണ്. നെപ്പോളിയനെക്കുറിച്ച് നാം സംസാരിച്ച് അവസാനിപ്പിക്കുമ്പോൾ, അദ്ദേഹത്തിൻറെ അവസാനം വാട്ടർലൂവിൽ വെച്ചായിരുന്നെന്ന് നമുക്ക് അറിയാം. അദ്ദേഹം ഉപയോഗിച്ചിരുന്ന രഥങ്ങളുടെ ജീർണ്ണാവസ്ഥയിലുള്ള വസ്തുക്കളിൽ നിന്നും കുതിര സവാരിക്കാരും മനുഷ്യരും എങ്ങനെയാണ് യുദ്ധക്കളത്തിൽ കിടന്നിരുന്നതെന്നും മറ്റുമുള്ള ഒരു മോഡൽ കാണാൻ, കുറച്ചു നാളുകൾക്ക് മുമ്പ്, എനിക്ക് സൗഭാഗ്യമുണ്ടായി. ചക്രങ്ങൾ ഉടഞ്ഞുതകർന്ന, രഥങ്ങളെ, തുറസ്സായ സ്ഥലത്ത്, കൂട്ടിയിട്ടായിരുന്നു, ഈ മഹത്തായ പ്രദർശനം കാണിച്ചിരുന്നത്.

14 അതിന് എത്ര വിപരീതമായിരിക്കുന്നു! ഒരു മനുഷ്യൻ മുപ്പത്തിമൂന്നാം വയസ്സിൽ, തന്റെ മഹത്തായ യുദ്ധങ്ങൾ

ജയിച്ചടക്കലിന്റെ ഒരു ഓർമ്മയ്ക്കായെന്നോണം അവിടെ കിടക്കുക എന്നത് ഒരു ലജ്ജാകരമായ കാര്യം എന്നത് ശ്രദ്ധിക്കുക; അതിനു ശേഷം യെരുശലേമിലേയ്ക്ക് ചെന്ന്, ഒരു ഓർമ്മക്കെന്നോണം ആ ഒഴിഞ്ഞു കിടക്കുന്ന, ശക്തനും ശ്രേഷ്ഠനുമായി ജയിച്ചടക്കിയവന്റെ കല്ലറ കാണുക.

15 ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ, ജയിച്ചടക്കാനായി എന്തെങ്കിലും ഉണ്ടാകേണ്ടതുണ്ട്. നമുക്ക് യുദ്ധം ചെയ്യാനായി എന്തെങ്കിലും നമുക്കുണ്ടെന്നു വന്നാൽ, നമ്മുടെ ശരീരത്തിൽ ഒരു രോഗമുണ്ടെന്നിരിക്കട്ടെ, നാം മരണത്തിനും ജീവനുമിടയിൽ മല്ലിട്ടുകൊണ്ടിരിക്കുന്നു, അതിനെ നാം ജയിച്ചടക്കി എന്നു കാണുമ്പോൾ അത് എന്തൊരു യുദ്ധ ജയമായിരിക്കും. നാം ഏതെങ്കിലും ഒരു സ്വഭാവത്തിനുമേൽ യുദ്ധം ചെയ്യുകയാണെങ്കിൽ, അതല്ല എന്തോ ഒരു മഹത്തായ കാര്യം അതു നമ്മെ എപ്പോഴും വ്യാകുലപ്പെടുത്തിക്കൊണ്ടിരിക്കുന്നു, എന്നിട്ട് അവസാനം നാം അതിനെ ജയിച്ചടക്കി എന്നു കാണിച്ചുകൊണ്ട് ആ മഹത്തായ കൊടി വീശി കാണിക്കുമ്പോൾ; നമുക്കും ജയിച്ചടക്കാനാകുന്നതാണ് എന്ന കാര്യം നമ്മുടെ ഉള്ളിൽ എത്ര വലിയ പ്രചോദനത്തെയാണ് ഉളവാക്കുക.

16 ഇപ്പോൾ ഞാൻ കഴിഞ്ഞ അവസാന യുദ്ധത്തെക്കുറിച്ച് ചിന്തിക്കുകയാണ്, ഹിട്ലർ വാർസ്സ പിടിച്ചടക്കിയത് എപ്രകാരമായിരുന്നു. ജർമ്മനിക്കാർ ചിന്തിച്ചത് അത് അവർ ജയിച്ചിട്ടുള്ള യുദ്ധങ്ങളിൽ വെച്ച് ഏറ്റവും മഹത്തായ ഒരു യുദ്ധമായിരുന്നു എന്നാണ്, എന്തെന്നാൽ അവരുടെ ശ്രേഷ്ഠനായ മുഖ്യ ക്യാപ്റ്റൻ, അഡോൾഫ് ഹിട്ലർ, ഒരിക്കൽ വാർസായിലെ എല്ലാം പാലങ്ങളെയും തകർത്തുകളഞ്ഞു, ആ മഹത്തായ പാലം വീണപ്പോൾ, വാർസായെ മുഴുവനുമായി മുക്കിക്കളഞ്ഞു. ആ പാലം വീണുകൊണ്ടുരുന്നതിനെപ്പറ്റി പത്രങ്ങളിൽ എല്ലാം മഹത്തായ ഫോട്ടോകൾ പ്രിന്റ് ചെയ്യപ്പെട്ടു. ജർമ്മനിക്കാർ അദ്ദേഹം തന്റെ ആദ്യ യുദ്ധം ജയിച്ചപ്പോൾ തെരുവുകളിലൂടെ ഡ്രംസ് അടിച്ചും, വിസിലുകൾ ഊതിയും കൊണ്ടു, മാർച്ചു ചെയ്യുകയും, അദ്ദേഹത്തിന്റെ അരുകിലൂടെ ആയിരക്കണക്കിനു വിമാനങ്ങൾ പറന്നുകൊണ്ടിരിയ്ക്കുകയും ചെയ്തു. മഹാനായ അലക്സാണ്ടറോ, അതല്ല നെപ്പോളിയനോ, ലോകത്തെ ജയിച്ചടക്കി, എന്നാൽ നാം അവസാനം അതിനെ ചുറ്റിക്കെട്ടുമ്പോൾ എന്തു കിട്ടുന്നു? അപമാനമാണ്. അവൻ ചെയ്തു, തീർച്ച.

17 അവർ ആ ശ്രേഷ്ഠമായ ബർമ്മ പാസ്സ് ഉണ്ടാക്കുന്നത് എനിക്ക് ഓർക്കാനാകുന്നു. അവിടെ ഉണ്ടാകണം...അവർക്ക്

ആ മലയുടെ മുകളിലൂടെ കടന്നു പോകണമെന്നുണ്ടെങ്കിൽ. ആ മഹത്തായ വഴിയിലൂടെ കടന്നു പോയ ഒരുകൂട്ടം ആൺകുട്ടികൾ ഒരു പക്ഷേ ഇപ്പോൾ ഇവിടെ ഇരുപ്പുണ്ടെന്നു വരാം. അത് എത്ര കഠിന ജോലിയായിരുന്നു! വാസ്തമായും എത്രമാത്രം പണിയെടുക്കേണ്ടതായി വന്നു കാണും, എത്ര കൃത്യമായ ജോലിയാണ് അവർ ചെയ്തത്! ബർമ്മ പാസ്സ് നിർമ്മിക്കാനായി എത്രമാത്രം പണം ചെലവിട്ടുകാണും, ദശലക്ഷക്കണക്കിനു ഡോളറുകൾ! അതു ചെയ്യുമ്പോൾ, ആൺകുട്ടികൾക്കു അവരുടെ ജീവൻ നഷ്ടമായി! എന്നാൽ അവസാനം, അല്പനാളുകൾക്കൊടുവിൽ, അവർ ആ മാർഗ്ഗത്തിന്റെ അവസാന നാഴിക പോയിക്കഴിഞ്ഞപ്പോഴും, ആ പാത പൂർത്തിയാക്കിക്കഴിഞ്ഞതും, ആ ജയത്തിന്റെ ആർപ്പു വിളി ജനത്തിന്റെ ഇടയിൽ നിന്നും എങ്ങനെയായിരിക്കും ഉയർന്നത്! യുദ്ധജയം ജയിക്കാനായി അവർക്കു മലയുടെ മുകളിലൂടെ കടന്നുപോകാൻ അവർ ഒരു മാർഗ്ഗം ഉണ്ടാക്കിയിരിക്കുന്നു.

18 ഒരു ദിവസം മറ്റൊരു വഴിയുണ്ടാകുമ്പോൾ, നമ്മുടെ അനുഗ്രഹീതനായ കർത്താവിന്റെ ജീവൻ വിലകൊടുക്കേണ്ടതായി വന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കുകയാണ്. അത് ഭൂമിയിലെ ഒരു റോഡ് മാത്രമായിരുന്നില്ല, എന്നാൽ അതിനെ ഹൈവേ, "വിശുദ്ധിയിലേയ്ക്കുള്ള ഹൈവേ" എന്നു വിളിക്കപ്പെട്ടു, അവിടെ അശുദ്ധനു കടക്കാനാകില്ല, എന്നാൽ അടയാളമിടപ്പെട്ടവർ മാത്രം. അവനായിരുന്നപ്പോൾ അവന്റെ വശത്തുണ്ടായിരുന്നവർക്കു മാത്രമേ, ഈ ഹൈവേയിലൂടെ കടക്കാനാകൂ.

19 മഹത്തായ യുദ്ധജയങ്ങൾ ജയിച്ചിട്ടുണ്ട്. ഇന്നു ഇവിടെ ഇരിക്കുന്ന നമ്മിൽ അനേകർക്ക് നല്ലവണ്ണം ഒന്നാം ലോകയുദ്ധത്തെക്കുറിച്ച് ഓർക്കാനാകും, ഞാൻ ഒരു ചെറിയ പയ്യനായിരിക്കുമ്പോൾ എനിക്ക് ഓർക്കാനാകുന്നു, വിസിലുകളാൽ ശബ്ദമുണ്ടാക്കുന്നത് എനിക്ക് കേൾക്കാനാകുന്നു; മാത്രമല്ല കൃഷിക്കാർ പോലും, കൃഷിയിടങ്ങളിൽ തങ്ങളുടെ കുതിരകളെ നിർത്തി, തൊപ്പികളെ വീശിക്കാണിച്ചു. അവർ അലറി വിളിച്ചു. അവർ ഉറക്കെ വിളിച്ചുകൂവി. എന്താണ് സംഭവിച്ചത്? യുദ്ധം തീർന്നു. യുദ്ധവിജയം ജയിച്ചു. നാം മല്ലിട്ടുകണ്ടിരുന്ന, ആ മഹത്തായ ആയവ്യയ ഭരണം, അവസാനമായി നാം യുദ്ധത്തിൽ ജയിച്ചു.

20 ഞാൻ ഈ കഴിഞ്ഞ ലോകയുദ്ധത്തെക്കുറിച്ച് ചിന്തിക്കുകയാണ്. ഞാൻ തെരുവിന്റെ വശത്തോട് വളരെ ചേർന്നാണ് താമസിച്ചിരുന്നത്. വിസ്സിലുകൾ ഊതാൻ ആരംഭിച്ചപ്പോൾ, ജനങ്ങൾ വീട്ടിന്റെ പൂന്തോപ്പുകളിലേയ്ക്ക് ഓടാൻ തുടങ്ങി; സ്ത്രീകൾ തങ്ങളുടെ

വസ്ത്രത്തിന്മേൽ ധരിച്ചിരുന്ന മേലങ്കികളെ; തങ്ങളുടെ കൈകളിൽ എടുത്തുകൊണ്ട് അവയെ ആകാശത്തു ചുഴറ്റിവീശി. വെടിയുണ്ടകൾ മരങ്ങൾക്കിടയിലൂടെ മുകളിലേയ്ക്ക് പാഞ്ഞു. വിസ്സിലുകൾ ഊതപ്പെട്ടു. കാറുകൾ തെരുവിലൂടെ അതിവേഗതയിൽ പായിച്ചു പോയി. ജനങ്ങൾ തങ്ങളുടെ മുട്ടുകളിന്മേലായി, അവരുടെ കൈകളെ ഉയർത്തി. അവർ നിലവിളിച്ചു. അവർ കരഞ്ഞു. എന്തുകൊണ്ടാണ്? എന്തെന്നാൽ യുദ്ധം കഴിഞ്ഞിരിക്കുന്നു. പ്രീയരായവർ, കടലിനക്കരേയ്ക്ക് പോയിരുന്ന ആൺകുട്ടികൾ, അവരുടെ അടുക്കലേയ്ക്ക് വീണ്ടും തിരികെ വരുന്നു. എന്താ ഒരു യുദ്ധവിജയം! ഏതൊരു ഹൃദയത്തേയും പ്രകമ്പനം കൊള്ളിക്കുന്ന എന്താ ഒരു സമയം! എന്താ ഒരു ജൂബിലി! അന്നു രാത്രിയിൽ, എല്ലാവരും വിനോദത്തിലായി, തങ്ങൾക്ക് തോന്നുന്ന ഒരു ഭക്ഷണശാലയിലേക്ക് നടന്നു ചെല്ലാം, ആവശ്യമുള്ളത് കഴിക്കാം, അതിന്റെ പണം ഒടുക്കാതെ കടന്നു പോകാം, അതിനു ഒരു കുഴപ്പവും ഇല്ല. നിങ്ങൾക്ക് അടുത്തയാളിന്റെ കാർ എടുത്ത് ഉപയോഗിക്കാം അവർക്ക് അതിന് കുഴപ്പമില്ല. നിങ്ങൾക്ക് ആവശ്യമായതെന്തും ചോദിക്കാം, അതു നിങ്ങൾക്ക് തികച്ചും ലഭിക്കുമായിരുന്നു. എന്തെന്നാൽ, എന്തുകൊണ്ടാണ്? യുദ്ധജയം ജയിച്ചിരിക്കുന്നു. ആ ആൺകുട്ടികൾ വീട്ടിലേക്ക് വരുന്നു. അത് എല്ലാം അവസാനിച്ചിരുന്നു.

21 ഞാൻ ചിന്തിക്കുന്നതെന്തെന്നാൽ, എന്റെ സഹോദരാ, ആ വിധത്തിലുള്ള അനുഭവങ്ങൾ എല്ലാ സമയത്തും നിലനിൽക്കുന്നില്ല എന്ന് ഓർക്കുമ്പോൾ വളരെ മോശമായ കാര്യമാണ്. എന്നാൽ, ക്രിസ്ത്യാനിക്ക്, ഇന്നു രാവിലെ, ആ യുദ്ധജയം ജയിച്ചിരിക്കുന്നു. സന്തോഷത്തിന്റെ മണികൾ മുഴങ്ങുന്നു. മനുഷ്യനും ദൈവവും തമ്മിലുള്ള യുദ്ധം കഴിഞ്ഞിരിക്കുന്നു. യുദ്ധജയം ജയിച്ചു കഴിഞ്ഞു.

22 ഏതൊരു യുദ്ധജയവും ജയിക്കുന്നതിനു മുമ്പ്, അതിനു വലിയ വില നൽകേണ്ടതായിട്ടുണ്ട്. ഓ, എന്തു വിലകൾ! ചില സമയങ്ങൾ അവ വളരെ ആഴമുള്ളതായിരിക്കും, ആഴത്തിലേക്ക് കീറി, അവ വളരെ വലിയ തഴമ്പുകൾ ഉണ്ടാക്കും. എന്നാൽ നമുക്ക് ഒരു പർവ്വതം ഉണ്ടാകേണ്ടതിന്, നമുക്ക് ഒരു താഴ്വര ഉണ്ടാകേണ്ടതുണ്ട്. നമുക്ക് സൂര്യപ്രകാശം ഉണ്ടാകുന്നതിനു മുമ്പ്, നമുക്ക് മഴ ലഭിക്കേണ്ടതുണ്ട്. നമുക്ക് പ്രകാശം ലഭിക്കുന്നതിനു മുമ്പ്, നമുക്ക് ഇരുട്ടിനെ കിട്ടേണ്ടതുണ്ട്. നമുക്ക് ശരിയായത് കിട്ടുന്നതിനു മുമ്പ്, അവർക്ക് തെറ്റായ ഒന്നിനെ കിട്ടേണ്ടതുണ്ട്, അതല്ലെങ്കിൽ ശരിയെന്താണ് തെറ്റ് എന്താണ് എന്ന് നിങ്ങൾക്ക് ഒരിക്കലും അറിയാനാകില്ല.

23 എന്നാൽ എപ്പോഴെങ്കിലും ജയിച്ചടക്കിയിട്ടുള്ളതും, യുദ്ധജയങ്ങളിൽ വെച്ച് ഏറ്റവും വലിയ യുദ്ധജയം ജയിച്ചടക്കാൻ, അനേക വർഷങ്ങൾക്ക് മുമ്പ് ഒരുവൻ മഹത്വത്തിൽ നിന്നും ഇറങ്ങി കാൽവരിയിലേക്ക് ചെന്നു. അവൻ സ്വയം അവനുമേൽ ഒരു ദൂതന്റെ വേഷമെടുത്തില്ല. അവൻ ഒരു ശ്രേഷ്ടനായ വ്യക്തി എന്ന നിലയിൽ വന്നില്ല. എന്നാൽ ഒരു യുദ്ധം ജയിക്കേണ്ടതിനു, അറ്റോമിക് ബോംബോ, യുദ്ധത്തിനുപയോഗിക്കുന്ന ചെറിയ തരം തോക്കുകളോ ആവശ്യമില്ല എന്ന് അവൻ തെളിയിക്കാൻ പോവുകയായിരുന്നു. അവൻ ഒരു ചെറിയ കുഞ്ഞ് ധരിക്കുന്നതുപോലെ, ഒരു എളിമയുടെ വസ്ത്രം ധരിച്ചുകൊണ്ട്, ഒരു ആട്ടിൻ തൊഴുത്തിൽ ജനിച്ചു. അവൻ വരുമ്പോൾ, അവന് ജനിക്കാൻ ഒരു വീടുപോലുമില്ലായിരുന്നു. അവൻ ഏതെല്ലാം വിധത്തിലുള്ള ഉപകരണങ്ങളുടെ പ്രവർത്തനങ്ങളാലാണ് ആ യുദ്ധം ചെയ്തിരുന്നത് എന്നു കാണിക്കുമ്പോൾ നിങ്ങൾ അതിലേയ്ക്ക് നോക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

24 ഇപ്പോൾ, ആദാമിന്റെ വംശമെല്ലാം ബന്ധനത്തിലായിരുന്നു. അവർ അവിടെ, പ്രതീക്ഷയറ്റവരും, ദൈവമില്ലാത്തവരും, അവസരം ലഭിക്കാത്തവരും, ദയ ലഭിക്കാത്തവരും, അവരെ സഹായിക്കാനാകുന്ന യാതൊന്നുമില്ലാത്തവരും ആയിരുന്നു. ആ നഷ്ടപ്പെട്ടവരും ഭൂമിയ്ക്ക് അടിഭാഗത്തുള്ളവരുമായ, മഹത്തായ ശത്രുക്കൾ, അന്ധകാരത്തിൽ തളച്ചിട്ടിരുന്നു. പുറത്തേയ്ക്ക് വരാൻ ഒരു മാർഗ്ഗവും ഇല്ലായിരുന്നു. സഹായിക്കാനായി ആരുമില്ലായിരുന്നു. യാതൊന്നും ചെയ്യാൻ ആകില്ലായിരുന്നു. അത് മുഴുവനും, പൂർണ്ണമായി നഷ്ടമാക്കപ്പെട്ടതുപോലെ, കാണപ്പെട്ടു.

25 എന്നാൽ നമ്മുടെ നായകൻ, മഹത്വത്തിൻറെ വാതിലിൽ നിന്നും ഇറങ്ങി വന്നവൻ, താഴേക്കിടയിലുള്ളവരുടെ ഇടയിലേയ്ക്ക് വരുവാൻ സന്മനസ്സ് കാട്ടിയവൻ ചെന്നു!

26 എന്തെന്നാൽ, ഭൂമിമേലുണ്ടായിരുന്ന ഒരു മനുഷ്യനും ആ ജോലി ചെയ്യാനാവില്ലായിരുന്നു. ലോകപരമായി സംസാരിക്കുകയാണെങ്കിൽ, അവർ എല്ലാവരും, അതേ പടകിൽ തന്നെയായിരുന്നു. നാം എല്ലാവരും, "അകൃത്യത്തിൽ ഉരുവായി, പാപത്തിൽ ജനിച്ച്, കള്ളം പറഞ്ഞുകൊണ്ട് ലോകത്തിലേയ്ക്ക്," വന്നു. നമ്മിൽ ആർക്കും തന്നെ മറ്റെയാളെ സഹായിക്കാൻ കഴിയില്ലായിരുന്നു. സകലരും ഐക്യമില്ലാതെ, എല്ലാ വശത്തും പൂർണ്ണ അരാജകത്വത്തിലായി, തോൽവിയടഞ്ഞ്, സഹായമില്ലാത്തവരായി നിന്നിരുന്നു. അവരുടെ വീര്യമില്ലായ്മയെക്കുറിച്ചും മറ്റും കണ്ടുപിടിക്കാനായും, ന്യായപ്രമാണത്തേയും ആചാരങ്ങളേയും നമുക്ക്

തുടർന്നുകൊണ്ടുപോകാൻ കഴിയാതെയുമിരുന്നു, നമുക്ക് അത് ചെയ്യാനാവില്ലായിരുന്നു. മുഴുവൻ മനുഷ്യരാശിയും ഉപയോഗമില്ലാതെ കിടന്നതുപോലെ കാണപ്പെട്ടിരുന്നു.

27 പിന്നീട് അവൻ വന്നു, അവൻ താഴേക്ക് ഇറങ്ങി വന്നു. എന്തുകൊണ്ടെന്നാൽ, "അവൻ ആദിയിലുണ്ടായിരുന്നു," ബൈബിൾ അങ്ങനെ പറയുന്നു, "അവൻ വചനമായിരുന്നു." അവനായിരുന്നു ദൈവത്തിൽ നിന്നും പുറത്തു വന്ന ലോഗോസ്. ആദിയിൽ, ആ ലോഗോസ്, ദൈവത്തിന്റെ വചനമായിരുന്നു. അവൻ വചനമായിത്തീർന്നു. അതിനു ശേഷം ആ പ്രതാപമേറിയ ഈസ്റ്റർ ദിവസം മുകളിലേയ്ക്ക് കയറിയപ്പോൾ, അവൻ വചനം മാത്രമായിരുന്നില്ല, എന്നാൽ അവൻ സ്വന്ത വചനത്തിന്റെ മഹാപുരോഹിതനായിത്തീർന്നു. ഓ, എന്തൊരു മഹത്തായ കാര്യമാണ് സഹോദരൻ നേവിൽ! ഒന്നു ചിന്തിക്കു! അവൻ വചനം മാത്രമായിരുന്നില്ല, തന്റെ സ്വന്ത വചനത്തിന്റെ മഹാപുരോഹിതനും കൂടെ ആയിത്തീർന്നു. അതിനെ നാം എങ്ങനെ സംശയിക്കും? നാം അവന്റെ അടുക്കൽ നടന്നു ചെന്നിട്ട്, നാം ചോദിക്കുന്നത് നമുക്ക് ലഭിക്കില്ല എന്നു എങ്ങനെയാണ് വിശ്വസിക്കാതിരിക്കുക? എന്തെന്നാൽ, അവൻ വചനവും വചനത്തിന്റെ മദ്ധ്യസ്ഥനുമാകുന്നു! ലോഗോസ് വചനമായി മാറി, ആ വചനം ശരീരമായിതീർന്ന; ശരീരമായി തീർന്ന അതേ വചനം തന്നെ, മഹത്വത്തിലേയ്ക്ക് എടുക്കപ്പെട്ടു, ഇപ്പോൾ തന്റെ വചനത്തിനു വേണ്ടി, മഹാപുരോഹിതനായത്തീർന്നു കൊണ്ട് മദ്ധ്യസ്ഥത ചെയ്തുകൊണ്ടിരിക്കുന്നു.

28 അതാണ് അത് എടുത്തത്! അത്തരത്തിലുള്ള ഒരു മുഖ്യമായതാണ് സഭയ്ക്ക് കിട്ടിയിരിക്കുന്നത്. എന്തൊരു ആയുധം! അതിനെപ്പോലെ ഒരെണ്ണം ഒരിക്കലും ഉണ്ടായിരുന്നില്ല. അവൻ വചനമായിരുന്നു. അവൻ വന്നപ്പോൾ, അവൻ ഒരു പുൽത്തൊട്ടിയിലാണ് പിറന്നത്. ലോകത്തെ ജയിക്കാൻ അവൻ ഫീലിയോ സ്നേഹം എന്ന ആയുധമാണ് എടുത്തത്; പട്ടാളത്തിലെ വെടിയുണ്ടകളല്ല, ടാങ്കുകളോ മെഷീൻ ഗണ്ണുകളോ അല്ല. എന്നാൽ അവൻ ഒരു വ്യത്യസ്ത രീതിയിൽ വന്നു. അവൻ സ്നേഹമെന്ന രൂപത്തിൽ വന്നു. അവൻ ദൈവത്തിന്റെ സ്നേഹമായിരുന്നു.

29 ഒരു സമയത്ത്, ഞാൻ ഒരു കൊച്ചു കുട്ടിയെപ്പോലെ, ക്രിസ്തുവാണ് എന്നെ സ്നേഹിച്ചിരുന്നതെന്നും, ദൈവം എന്നെ വെറുത്തിരുന്നു എന്നുമാണ് ചിന്തിച്ചിരുന്നത്; എന്തെന്നാൽ ക്രിസ്തു എനിക്കായി മരിച്ചു, എന്നാലോ ദൈവം എനിക്ക് എന്തോ വിരോധമായി ചെയ്യുന്നു.

എന്നാൽ ക്രിസ്തുതന്നെയാണ് ദൈവത്തിന്റെ ആ ഹൃദയം എന്നു ഞാൻ കണ്ടുപിടിച്ചു. “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.”

30 ഇപ്പോൾ, അവൻ ആദ്യം ജയിച്ചടക്കാനാണ് വന്നത്. പിശാച് ലോകത്തിൽ ഇട്ടിരുന്ന കാര്യമെന്നതോ അത് വിദ്വേഷമായിരുന്നു. അവൻ വിദ്വേഷത്തെ ജയിച്ചടക്കാനായി വന്നു. നാം നമ്മുടെ യുദ്ധങ്ങളേയും, അങ്ങനെയുള്ള പലതും ജയിക്കുമ്പോൾ, ലോകത്തിലെ, യുദ്ധങ്ങൾ അവസാനിച്ചു കഴിയുമ്പോൾ, അത് എല്ലായ്പ്പോഴും, ഒരു തുടർച്ചയായ, വിദ്വേഷത്തെ, വിട്ടേച്ചു പോകുന്നു, എന്തുകൊണ്ടെന്നാൽ, യുദ്ധം ചെയ്യുക എന്ന സ്വഭാവം ശത്രുവിൽ നിന്നാണ് വരുന്നത്. എന്നാൽ വിദ്വേഷത്തെ ജയിച്ചടക്കാനായി ക്രിസ്തു, സ്നേഹിക്കാൻ ഒരിക്കൽപ്പോലും കഴിയാത്തവരെ സ്നേഹിക്കാനായി, അവൻ സ്നേഹവുമായി വന്നു. അവൻ ഒരു വ്യത്യസ്ത ആയുധവുമായി വന്നു. അവൻ തന്നെത്താൻ താഴ്ത്തി, മരണം ആസ്വദിക്കാനായി തന്നെ “ദൂതന്മാരെക്കാൾ താഴ്ത്തുകയും,” ഒരു ഉദാഹരണത്തെ തരികയും ചെയ്തു. അവൻ ഈ ഭൂമിയിലായിരുന്നപ്പോൾ, അവൻ മനുഷ്യരോടൊപ്പം നടന്നിരുന്നു.

31 അവൻ രോഗികളെ സൗഖ്യമാക്കിയപ്പോൾ, അവൻ യുദ്ധം ചെയ്യുമ്പോൾ ഏതെല്ലാം ആയുധങ്ങളാണ് ഉപയോഗിക്കുന്നത് എന്നത് തെളിയിച്ചു. അവൻ അഞ്ച് ചെറിയ അപ്പവും മീനിന്റെ രണ്ടു കഷ്ണത്തേയും കൊണ്ട് അയ്യായിരം ജനങ്ങളെ ഭോഷിപ്പിച്ചപ്പോൾ, അവിടെയുണ്ടായിരുന്ന എല്ലാ അണുശക്തികളെക്കാളും അവനു ശക്തിയുണ്ടെന്നു തെളിയിച്ചു. അവൻ മീനിനെ പെരുപ്പിക്കുക മാത്രമല്ല ചെയ്തത്, പിന്നെയോ പാകം ചെയ്തിരുന്ന മീനിനെയാണ് പെരുപ്പിച്ചത്. അവൻ ആ അപ്പത്തിലുണ്ടായിരുന്ന കോതമ്പിനെ മാത്രം വളരുമാറാക്കിയെന്നല്ല, അവൻ ആ അപ്പത്തിലുണ്ടായിരുന്ന പാകപ്പെടുത്തിയ കോതമ്പിനെയാണ് വളർത്തിയത്. അത് അവൻ ഒരു ശ്രേഷ്ഠനും ശക്തനുമായ വിജയിയാണെന്നു കാണിക്കുന്നു! അവൻ കിണറ്റിൽ വെള്ളമെടുക്കുക മാത്രമല്ല ചെയ്തത്, എന്നാലോ അവൻ ആ കിണറ്റിൽ നിന്നുമെടുത്ത വെള്ളത്തെ വീഞ്ഞാക്കുക കൂടി ചെയ്തു. അവന് ജയിച്ചടക്കാനുള്ള ശക്തിയുണ്ടെന്നു അവൻ തെളിയിച്ചു കാണിച്ചു. അവൻ സ്നേഹിച്ചിരുന്നു, അവന്റെ ആയുധം സ്നേഹമായിരുന്നു. ഇപ്പോൾ ശ്രദ്ധിക്കു.

32 അവൻ അത് ചെയ്യുമ്പോൾ, ഒരുനാൾ, നാലു നാളുകൾക്കു മുമ്പ് മരിച്ച്, അടക്കം ചെയ്ത, ലാസർ എന്ന ഒരു മനുഷ്യന്റെ കല്ലറയ്ക്കരികിൽ

അവൻ നിന്നിരുന്നു. അവന്റെ അരുകിൽ നിന്നിരുന്നവരും, "ഇപ്പോൾ നാറ്റം വെച്ചുകാണും," എന്നും പറയുന്നുണ്ടായിരുന്നു. അവന്റെ മൂക്ക് അഴുകിയിരിന്നിരിക്കണം, അവന്റെ തൊലിയിലൂടെ പുഴുക്കൾ സഞ്ചരിച്ചു കൊണ്ടിരിന്നിരിക്കണം. യേശു ഒരു ജയിച്ചടക്കിയവനായി അവിടെ നിന്നുകൊണ്ടിരുന്നു, അവൻ അവിടെ നിന്നുകൊണ്ടിരുന്നപ്പോൾ, അവൻ മറിയയോടും മാർത്തയോടും ഇങ്ങനെ പറഞ്ഞു, ഞാൻ നിങ്ങളോട് ഇങ്ങനെ പറഞ്ഞിട്ടില്ലേ, "നിങ്ങൾക്ക് വിശ്വസിക്കാനായാൽ നിങ്ങൾ ദൈവത്തിന്റെ മഹത്വം കാണുമെന്ന്?" ("ഞങ്ങളുടെ സഹോദരൻ മരിച്ചു") എന്നും മറ്റും അവനോട് അവർ പറയുമ്പോൾ അവൻ അങ്ങനെ പറഞ്ഞു. "ഞാൻ തന്നെ ജീവനും പുനരുത്ഥാനവും! എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും, ജീവിച്ചിരുന്നും കൊണ്ട് എന്നിൽ വിശ്വസിക്കുന്നവൻ ഒരുനാളും മരിക്കയില്ല. ആ അനുഗ്രഹീതവും, നിത്യവുമായ ആ ശക്തി എന്നിലാണ് എന്ന് ഇപ്പോൾ കുറച്ചു മുമ്പു നിങ്ങളോട് ഞാൻ പറഞ്ഞതല്ലേ?" എന്നു അവൻ ചോദിച്ചു. അവൻ ഒരു പ്രസ്താവന നടത്തുക മാത്രമല്ല, മറിച്ച് അവൻ പറഞ്ഞ ഓരോന്നും ചെയ്യാനാകും, എന്തുകൊണ്ടെന്നാൽ അവൻ ശക്തനായ വിജയിയാണ്.

33 അവനെ വാസസ്ഥലമാക്കി, തന്നെതന്നെ പിന്നിലാക്കി, ഒരു മനുഷ്യനായി, ഒരു മനുഷ്യ ശരീരത്തെ മറയാക്കി, എന്നാലോ അകത്തോ ആ മഹാനും, ശ്രേഷ്ഠനുമായ ഒരുവൻ, അത് മറ്റാരുമല്ല സർവ്വശക്തിയുള്ള ദൈവമാണ് അകത്തു വസിച്ചിരുന്നത്. അവന് വീണ്ടും സൃഷ്ടിക്കാനാകും. അവന് പുതിയ വസ്തുക്കളെ സൃഷ്ടിക്കാനാകും. അവൻ സംസാരിച്ചാൽ, ആ സെക്കൻറിൽ തന്നെ അവൻ ചോദിച്ചത് നൽകപ്പെടും. എന്നാൽ അവൻ സ്വയം എളിമയിലാക്കി, അവൻ താണവിധത്തിൽ വെയ്ക്കപ്പെട്ടു. അവൻ ഒരു ഉദാഹരണം തരാൻ ആഗ്രഹിച്ചു. അവൻ ഒരു ശരിയായ വിധത്തിലെ ജയിച്ചടക്കുന്നവനായിരിക്കാൻ ആഗ്രഹിക്കുകയും, അവൻ ആയിരുന്നു. ഇപ്പോൾ, അവൻ സ്വയം അതാണെന്നു തെളിയിക്കുകയും ചെയ്തു.

34 ഞാൻ സാധാരണ എന്റെ യോഗങ്ങളിൽ പറയാറുള്ളതുപോലെ, ഈ മനോഹരമായ ഈസ്റ്റർ പ്രഭാതത്തിൽ, ഇന്നു രാവിലെ നേരം, ഈ കൂട്ടം ജനത്തിനിടയിൽ, ചിലപ്പോൾ, ഇത് ഒരു സാക്ഷ്യമായി തീർന്നെന്നുവരാം. ഒരു സഭാ വിഭാഗത്തിലുൾപ്പെട്ടിരുന്ന, ഒരു മഹിള, കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്തെ സ്വീകരിക്കുന്നതിൽ വിശ്വസിച്ചിരുന്നില്ല. "രക്തച്ചൊരിച്ചിൽ കൂടാതെ, പാപത്തിന് ഒരു നീക്കുപോക്കുമില്ല." അവൾ എന്നോട് പറഞ്ഞത്, ആ മനുഷ്യൻ ഒരു പ്രവാചകനായിരുന്നു, ഒരു അത്ഭുതവാനായ മനുഷ്യനായിരുന്നു,

ഞാനാണ് അവനെ ദൈവമാക്കുന്നത് എന്നാണ്. ഞാൻ പറഞ്ഞു, “അവൻ ദൈവത്വം മാത്രമല്ല. അവൻ ദൈവമായിരുന്നു.”

അവൾ പറഞ്ഞു, “താങ്കൾ അവനെ വളരെ മഹാനാക്കാൻ ശ്രമിക്കുന്നു.”

35 ഞാൻ പറഞ്ഞു, “അവന്റെ മഹത്വത്തെ വർണ്ണിക്കാൻ യാതൊരു വാക്കുകളുമില്ല!” മാനുഷ്യനാവിന് ആ പദപ്രയോഗം ചെയ്യാനാവില്ല!

36 വാഷിംഗ്ടൺ ഡി.സി-യിലെ സ്ഥാനാപതിയായ ഒരു മനുഷ്യനുമായി കഴിഞ്ഞ ദിവസം ഞാൻ സംസാരിച്ചു. ഒരു ചെറിയ പ്രഭാത ഭക്ഷണവേളയിലെ ഒരു ചെറിയ സാക്ഷ്യത്തെ അല്പം സമയം ഞങ്ങൾ അന്യോന്യം സംസാരിക്കുമ്പോൾ സംസാരിച്ചു, അയാൾ പറഞ്ഞു, “സഹോദരൻ ബ്രൺഹാം, ഞാൻ എന്റെ ജീവിതത്തിലുടനീളം ഒരു ലൂഥറിൻകാരനായിരുന്നു. എന്നാൽ,” അവൻ പറഞ്ഞു, “കഴിഞ്ഞദിവസം ആ പണ്ടത്തേതു പോലുള്ള ഒരു ഉണർവ്വ് യോഗത്തിൽ പങ്കെടുക്കുമ്പോൾ,” പറഞ്ഞു, “ഞാൻ അൾത്താരയിൽ മുഴങ്കാൽ മടക്കി അപ്പോൾ, എനിക്ക് ദൈവവുമായി ഒരു പ്രവർത്തിപരിചയം ഉണ്ടാകാനായി ആഗ്രഹിച്ചു.” അയാൾ പറഞ്ഞു, “ഞാൻ എന്റെ മുട്ടുകളിന്മേൽ ആയിരിക്കുമ്പോൾ...” ഇപ്പോൾ, ഇത് പ്രസിഡന്റ് കൂലേഡ്ജിന്റെ കീഴിൽ സേവനം അനുഷ്ഠിച്ചയാളും ഒരു വാഷിങ്ടണിലെ സ്ഥാനാപതിയുമാണ്. അയാൾ “മുകളിലേയ്ക്ക് നോക്കിയപ്പോൾ,” അയാൾ പറഞ്ഞു, “ഞാൻ യേശുവിനെ ദർശനത്തിൽ കണ്ടു.” അയാൾ പറഞ്ഞു, “എനിക്ക് ഒമ്പത് വ്യത്യസ്ത ഭാഷകളിൽ ഇടതടവില്ലാതെ സംസാരിക്കാൻ കഴിയും,” അയാൾ പറഞ്ഞു, “എന്നാൽ എനിക്ക് ഈ ഒമ്പത് ഭാഷകളിലും പറയാൻ പോലും ഒരു വാക്കുപോലും കിട്ടിയില്ല.” അയാൾ പറഞ്ഞു, “അതുകൊണ്ട് ഞാൻ എന്റെ കൈ ഉയർത്തി, അവൻ എനിക്ക് സംസാരിക്കാൻ പുതിയ ഒരെണ്ണം തന്നു.” അയാൾ പറഞ്ഞു, “ആ സമയം ഞാൻ അവന്റെ മുഖത്തെ മഹത്വം ദർശിച്ചു.”

37 ഈ സ്ത്രീ എന്നോട് പറഞ്ഞതോ, അവൾ പറഞ്ഞു, “സഹോദരൻ ബ്രൺഹാം യേശു വെറും ഒരു മനുഷ്യനല്ലാതെ മറ്റൊന്നുമല്ല, വെറും ഒരു പ്രവാചകൻ.”

ഞാൻ പറഞ്ഞു, “‘അവൻ ദൈവമായിരുന്നു,’ എന്റെ സഹോദരി.”

38 അവൾ പറഞ്ഞു, “താങ്കളാണ് അവനെ ദൈവത്വമാക്കിയത്, എന്നാൽ അവൻ അങ്ങനെയല്ല.” അതിനാൽ അവൾ ഇങ്ങനെ പറയാൻ തുടങ്ങി, “അവൻ ലാസറിന്റെ കല്ലറയ്ക്കരുകിലേയ്ക്ക് നടന്നു പോകുമ്പോൾ, ‘അവൻ കരഞ്ഞു,’” എന്നു ബൈബിൾ പറയുന്നു.

39 തീർച്ച, അവൻ ദൈവത്തിന്റെ ആ ഹൃദയമായിരുന്നു. നാം കഷ്ടത സഹിക്കുന്നതുപോലെ അവൻ കഷ്ടത സഹിച്ചു. നമുക്കുള്ളതുപോലുള്ള മാംസമായിരുന്നു അവനുമുണ്ടായിരുന്നത്. നമുക്ക് ഉണ്ടാകാറുള്ളതുപോലുള്ള സകല ആശകളും അവൻ തന്റെ ശരീരത്തിലും, വഹിച്ചിരുന്നു. എന്നിട്ടും, അവൻ ഏറ്റവും പരിപൂർണ്ണപ്പെട്ട ബലിയായിരുന്നു, അവൻ അത് ചെയ്യേണ്ടിയിരുന്നു. അവൻ ചെയ്തു. എന്നാൽ ഞാൻ പറഞ്ഞു...

അവൾ പറഞ്ഞു, "ലാസറിന്റെ കുഴിക്കരുകിലേയ്ക്ക് പോകുമ്പോൾ അവൻ കരഞ്ഞു."

40 ഞാൻ പറഞ്ഞു, "എന്നാൽ, ഓ, മഹിളെ, അത് ശരിയാണ്. അവൻ കരയുമ്പോൾ അവൻ ഒരു മനുഷ്യനായിരുന്നു. എന്നാൽ ആ കല്ലറയുടെ വശത്തു നിന്നുകൊണ്ട്, അവിടെയാണ് നിദ്രപ്രാപിച്ചവൻ, കിടന്നിരുന്നത്; അവിടെയാണ് ആ അഴുകിയ ശരീരം, ശീലകളാൽ ചുറ്റിപ്പൊതിഞ്ഞ്, കിടത്തിയിരുന്നത്; 'ആ കല്ലിനെ നീക്കു,' എന്നവൻ പറഞ്ഞിട്ട്, അവൻ അവന്റെ ചെറിയ ശരീരത്തെ എല്ലാംകൂടെ ഒരുമിച്ചാക്കി, ഇങ്ങനെ പറഞ്ഞു, 'ലാസറെ, പുറത്തു വരു!' അപ്പോൾ നാലു നാളുകൾക്കുമുമ്പ് മരിച്ചിരുന്ന ഒരു മനുഷ്യൻ തന്റെ സ്വന്ത കാലിൽ എഴുന്നേറ്റു നിന്നു."

41 അത് എന്തായിരുന്നു? ദ്രവത്വം അതിന്റെ സൃഷ്ടാവിനെ അറിയുന്നു. പ്രാണൻ അതിന്റെ ഉടയവനെ അറിയുന്നു. പാതാളത്തിന്റെയും, നരകത്തിന്റെയും സ്വർഗ്ഗത്തിന്റെയും, മരണത്തിന്റെയും അധികാരം ആ ശ്രേഷ്ഠനും ശക്തനുമായ വിജയിക്കുണ്ടെന്നു അവിടെ അതു തെളിയിക്കപ്പെട്ടു.

42 അതു നമ്മുടെ ഹൃദയത്തെ ആവേശം കൊള്ളിക്കും, തീർച്ച! നിങ്ങൾ ഹോൺ മുഴക്കുന്നതിനെക്കുറിച്ചും, തട്ടങ്ങളെ തമ്മിൽ അടിക്കുന്നതിനെക്കുറിച്ച് സംസാരിക്കുന്നോ? ലോകത്തിൽ ഒരിക്കലും ഉണ്ടാകാത്ത വിധത്തിലുള്ള ജൂബിലി, അവന്റെ ജനങ്ങളുടെ അലറലിന്റെ ഒച്ചപ്പാട്, ഇന്നു രാവിലെ നേരം ഉണ്ടാകേണ്ടതുണ്ട്, എന്തുകൊണ്ടെന്നാൽ, നാം സ്വതന്ത്രരാകാൻ വേണ്ടി, അവൻ തന്റെ അവസാന ശത്രുവിനെ ജയിച്ചടക്കിയതിന്റെ ഓർമ്മ പുതുക്കലിന്റെ ദിവസമാണ് ഇന്ന്.

43 അതെ, അവൻ ഒരു മനുഷ്യനായിരുന്നു. അത് ശരിയാണ്. അവൻ ഒരു മനുഷ്യനാകേണ്ടതുണ്ട് എന്ന് തെളിയിച്ചു, അവന് ദൈവം ആയിരിക്കേണ്ടതുണ്ടെന്ന് തെളിയിച്ചു. ഒരു രാത്രിയിൽ...

44 ആ ഉഗ്രകോപത്തിലാണ്ട സമുദ്രം, അത് ആയിരക്കണക്കിനു ജീവൻ എടുത്തിരിക്കാം. ഒരുപക്ഷേ ഇന്നു രാവിലെ നേരം ഇവിടെ ഇരിക്കുന്ന ചില അമ്മമാരുടെ ആൺകുട്ടികൾ സമുദ്രത്തിന്റെ ഉഗ്രകോപത്താൽ മുമ്പ് എപ്പോഴെങ്കിലും അതിൽ അകപ്പെട്ട് മരിച്ചെന്നിരിക്കാം, ലോകത്തിലെ യുദ്ധക്കളത്തിൽ വെച്ച് സമുദ്രത്തിന്റെ അടിയിലേക്ക് താഴ്ന്നുപോയെന്നും വരാം. ചിലപ്പോൾ സമുദ്രത്തിന്റെ അടിത്തട്ടിൽ നിങ്ങൾ സ്നേഹിച്ചിരുന്നവരിൽ ചിലർ കിടക്കുന്നു എന്നും വന്നേക്കാം.

45 എന്നാൽ ഒരു രാത്രിയിൽ അവൻ ഒരു ചെറിയ പടകിൽ കിടന്നുറങ്ങുമ്പോൾ, തിരമാലകൾ സമുദ്രത്തിനു ചുറ്റുമായി തിരിച്ചും മറിച്ചും വീശിക്കൊണ്ടിരിക്കുന്നു, ഒരു ചെറിയ കുപ്പിയുടെ അടപ്പുമാതിരിയായിരുന്നു. അവൻ എഴുന്നേറ്റ്, പടകിന്റെ വശത്തു തന്റെ കാൽ ചവിട്ടി. അവൻ ആകാശത്തേയ്ക്ക് നോക്കിക്കൊണ്ട്, പറഞ്ഞു, “ശാന്തമാകുക.” തിരകളോട് അവൻ പറഞ്ഞു, “അനങ്ങാതിരിക്കുക!” ആ മഹാ സമുദ്രം അതിൽ ഒരു ചുളിവുപോലും ഉണ്ടാകാതെ അനങ്ങാതെ നിന്നു. തീർച്ച, അവൻ ആയിരുന്നു!

46 അവന് മനുഷ്യർക്കു വിശക്കുന്നതു പോലെ വിശന്നിരുന്നു എന്നത് സത്യമാണ്. അവൻ മലയിൽ നിന്നും ഇറങ്ങുമ്പോൾ, അവന് വിശന്നു. എന്തെങ്കിലും ഭക്ഷിക്കാൻ കിട്ടും എന്നു വിചാരിച്ച് അവൻ ആ മരത്തിലേയ്ക്ക് നോക്കി, അവൻ ഒരു മനുഷ്യനായിരുന്നു. എന്നാൽ ആ അഞ്ച് അപ്പവും രണ്ടു മീനും തന്റെ കൈയ്യിലെടുത്ത് അതിനെ അയ്യായിരം പേരെ തീറ്റിച്ചപ്പോൾ, അവൻ ഒരു മനുഷ്യനിലും കൂടുതലായിരുന്നു.

47 അവൻ ആയിരത്തിത്തൊള്ളായിരം വർഷങ്ങൾക്കു മുമ്പ് മരിക്കുമ്പോൾ, അത് ഇന്നലേയ്ക്ക് മുമ്പുള്ള ദിവസമായിരുന്നു, കുരിശിന്മേൽ തൂങ്ങുകയായിരുന്നു, ദയയ്ക്കായി യാചിച്ചു, “എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?” അവൻ ഒരു മനുഷ്യനെപ്പോലെ മരിച്ചു. എന്നാൽ ആയിരത്തിത്തൊള്ളായിരം വർഷങ്ങൾക്ക് മുമ്പ്, ഇന്നു രാവിലെ നേരം, അവൻ എന്തായിരുന്നു എന്നു തെളിയിച്ചു! വിജയശ്രീലാളിതനായി, കല്ലറയിൽ നിന്നും എഴുന്നേൽക്കയും, അവൻ മരണത്തേയും നരകത്തേയും ഛിന്നം ഭിന്നമാക്കി, അവൻ തന്റെ മിശിഹാത്വത്തിന്റെ അവസാന മുദ്രയെ തന്നു, “ഞാൻ എന്നേയ്ക്കും ജീവിച്ചിരിക്കുന്നു! അതിനാൽ, ഞാൻ ജീവിക്കുന്നതിനാൽ, നിങ്ങളും ജീവിക്കും.”

48 അതാണ് ആ ജയിച്ചടക്കിയവൻ! നിങ്ങൾ സ്ത്രീകൾ തങ്ങളുടെ വസ്ത്രത്തിനുമേൽ ധരിക്കുന്ന ചെറിയ വസ്തുങ്ങളെ അഴിച്ചും

അതിനെ ചുറ്റിയെറിയുന്നതിനേയും കുറിച്ചും സംസാരിക്കുന്നോ? നാം അലറി വിളിക്കുന്നതിനാലും, നാം ഉച്ചത്തിൽ ആർക്കുന്നതിനാലും, നാം ഓടുന്നതുകൊണ്ടും, നാം ആർപ്പിടുന്നതുകൊണ്ടും, നമുക്ക് ഭ്രാന്താണ് എന്നാണോ ജനം പറയുന്നത്. അവർക്ക് ഒരുതവണപോലും സ്വർഗ്ഗത്തിലെ യുദ്ധജയത്തിലിന്റെ വിറയൽ ലഭിക്കാത്തതുകൊണ്ടാണ്, അതായത്, “ആ യുദ്ധം കഴിഞ്ഞിരിക്കുന്നു!” നമ്മുടെ ശക്തനും, ശ്രേഷ്ഠനുമായ വിജയി എല്ലാ യുദ്ധങ്ങളും ജയിച്ചിരിക്കുന്നു! അവൻ മാത്രം, ഇന്നു രാവിലെ നേരം, അതിയായ മേന്മയിലാണ്!

49 അവൻ ഭൂമിയിലേക്ക് വന്നപ്പോൾ, അവർ അവന് നൽകാനാകുന്നതിൽ വെച്ച് ഏറ്റവും താഴ്ന്നട്ടിലെ പേർ കൊടുത്തു, “ഒരു മതത്തോടോ ഒരാശയത്തോടോ പ്രത്യേക താല്പര്യം വെയ്ക്കുന്നവൻ,” അവർ അവനെ *ബെയേത്സബൂൽ*, “ഭൂതങ്ങളുടെ തലവൻ” എന്നു വിളിച്ചു. അതു ശരിയാണ്. അവൻ ഭൂമിമേലുള്ള ഏറ്റവും ചെറിയ പട്ടണമായ, യെരീഹോവിലേയ്ക്ക്, പോകുമ്പോൾ, ആ പട്ടണത്തിലെ ഏറ്റവും പൊക്കം കുറഞ്ഞ വ്യക്തിയ്ക്ക് അവനെ ഒന്നു കാണാനായി കുനിയേണ്ടി വന്നു. എന്നാൽ ആയിരത്തിത്തൊള്ളായിരം വർഷങ്ങൾക്ക് മുമ്പ് ദൈവം അവനെ ഉയിർത്തെഴുന്നേല്പിച്ചു! അതാണ് മനുഷ്യൻ അവനോട് ചെയ്തത്. എന്നാൽ സ്നേഹമെന്ന ആയുധത്താൽ, അവൻ സകല പിശാചിനേയും ജയിച്ചടക്കി.

50 ദൈവം അവനെ ഇത്രമേൽ ഉയർത്തി, സകല നാമത്തിനും സ്വർഗ്ഗത്തിനും ഭൂമിയിലുമുള്ള സകല നാമത്തിനും മേലായ നാമം നൽകി. “യേശു” എന്ന നാമത്തിങ്കൽ സ്വർഗ്ഗത്തിലെ സകല നാമവും മുട്ടു മടക്കും! എല്ലാ ദൂതന്മാരും, എല്ലാ പരമാധികാരങ്ങളും, “യേശു” എന്ന നാമത്തിങ്കൽ മുട്ടു മടക്കും! ഓരോ നാവും അവനെ ഏറ്റു പറയും, സകല മുഴങ്കാലും അവനു മുമ്പിൽ മടങ്ങും. അവന് സ്വർഗ്ഗങ്ങളെ നോക്കണമെന്നുണ്ടെങ്കിൽ കുനിഞ്ഞ് നോക്കേണ്ടതുണ്ട് എന്ന അവസ്ഥയിൽ അവൻ അതിനും ഉന്നതങ്ങളിലാണ് കയറിയത്. അതാണ് ആ ശക്തനായ വിജയി! ആ ഒരുവനാണ് അത് ചെയ്തത്! അവൻ ഭൂമിയെ വിട്ടുപോയപ്പോൾ, നാം ആ ഭാഗം കഴിഞ്ഞ രാത്രിയിൽ കണ്ടതാണ്, അവന്റെ വശത്ത് മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ തൂക്കിയിട്ടിരുന്നു, ആമേൻ, “ഭയപ്പെടരുത്, ഞാൻ മരിച്ചവനായിരുന്നു, ഞാൻ തന്നെ, ഇതാ എന്നേയ്ക്കും ജീവിച്ചിരിക്കുന്നു. മാത്രമല്ല,” (*മാത്രമല്ല* എന്നത് സംയോജ്യവാക്യമാകുന്നു) “എന്റെ വശത്തായി *ഇവിടെ* മരണത്തിന്റെയും നരകത്തിന്റെയും താക്കോലുകൾ തൂക്കിയിട്ടിരിക്കുകയാണ്.” ജയിച്ചടക്കുന്ന ഒരുവനെപ്പറ്റി

സംസാരിച്ചു! "പിന്നെ, ഞാൻ ജയിച്ചടക്കിയിരിക്കുന്നതിനാൽ, നിങ്ങൾക്ക് യാത്ര ചെയ്യാനായി ഞാൻ ഒരു ഹൈവേ മാത്രമേ ഉണ്ടാക്കിയുള്ളൂ."

51 മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നും നിരസിക്കപ്പെട്ടവനായിരുന്നു, ഹൈവേ അടച്ചിരുന്നു. അവിടെ ഒരു ഹൈവേ ഇല്ലായിരുന്നു. എന്നാൽ, അവിടെ എവിടെയാണോ ഒരു ഹൈവേ ഇല്ലാത്തത്, അവിടെ ഒരെണ്ണമുണ്ടാക്കാൻ അവൻ വരും. ഓ. എന്റെ! ആദ്യത്തെ വരി പിശാചുക്കളുടെ സംശയമായിരുന്നു, അടുത്തത് മുൻവിധിയായിരുന്നു, അടുത്ത് സ്വാർത്ഥതയായിരുന്നു; ഈ ഭൂമി മുഴവനും പിശാചിന്റെ വരകളാൽ നിറഞ്ഞിരുന്നു, പിന്നെ, അസുഖങ്ങൾ, രോഗങ്ങൾ. എന്നാൽ അവൻ സ്വർഗ്ഗത്തിലേയ്ക്ക് കയറാൻ തുടങ്ങുമ്പോൾ! കഴിഞ്ഞ രാത്രിയിൽ അവൻ നരകത്തിൽ നിന്നും കയറി വരുമ്പോൾ, തന്റെ വശത്ത് മരത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ തൂക്കിയിട്ടിരുന്നതിനെപ്പറ്റി എടുത്തിരുന്നു. ഇന്നു രാവിലെ നാം അവനെ പുറത്തെടുക്കുകയാണ്. ഹല്ലേലൂയാ! അവൻ എഴുന്നേറ്റപ്പോൾ, അവനുണ്ടായിരുന്നു...അവൻ ജയോത്സവത്തിലായിരുന്നു. അവൻ മുകളിലേയ്ക്ക് വരുമ്പോൾ, മനുഷ്യനുമേൽ പിശാചിനുണ്ടായിരുന്ന സകല അധികാരത്തേയും ഉടച്ചു. അവൻ മുകളിലേയ്ക്ക് കയറി, മനുഷ്യർക്ക് ദാനങ്ങളെ, പരിശുദ്ധാത്മാവിന്റെ ദാനങ്ങളെ കൊടുത്തു. ആ ശക്തനായ വിജയി! അവൻ ഇന്നു രാവിലെ നേരം ഏകനായി നിൽക്കുന്നു! അവനും ഓരോ വിശ്വാസിയ്ക്കുമിടയിലായി, നീതിമാന്മാർ നടന്നുപോകുന്ന അനുഗ്രഹീതമായ ആ പഴയ ഹൈവേയുണ്ട്. രക്ഷപ്രാപിക്കാൻ ഒരു വഴിയുമുണ്ടായിരുന്നില്ല. മഹത്വത്തിൽ നിന്നും മുറിഞ്ഞു വീണ ഏക നിരമാത്രമേയുള്ളൂ. പിശാചിന്റെ വരാന്തയിലൂടെ അവൻ നടന്നു പോകുമ്പോൾ, തന്റെ രക്തപ്പാടുള്ള അടയാളങ്ങളെ വഴിയിലുടനീളം ഇട്ടേച്ചു പോയി. ഒരു ശ്രേഷ്ഠ വിജയിയായി അവൻ, ഈ രാവിലെ നേരം, ഉന്നതങ്ങളിൽ ഇരിക്കുന്നു.

52 അവന്റെ ജനങ്ങൾ ഒരു ജൂബിലി നടത്തിക്കൊണ്ടിരിക്കുകയാണ്. ലോകത്തിൽ എല്ലായിടത്തുമുള്ള, അവരിലുൾപ്പെട്ട പതിനായിരക്കണക്കിന് ജനം, ആ യുദ്ധജയത്തിൽ ആർത്തു വിളിച്ചുകൊണ്ടിരിക്കുന്നു.

53 ഈ തണുത്തും-പഴഞ്ചനുമായ സഭയിൽ-ചേരുക എന്നത് ഞാൻ കണ്ടിട്ടുണ്ട്. ആരോ ഇങ്ങനെ പറയുന്നതായി...ഞാൻ വിചാരിക്കുന്നതാണ്, അതിനെ വലിച്ചെറിയുന്നത് ഞാൻ നിനക്ക് കാണിച്ചു തരും.

54 ഇവിടെ, ഒന്നാം ലോക യുദ്ധം അവസാനിച്ചയുടനെ തന്നെ, ഇവിടെ പാതയിലേക്ക് ഒരു സന്ദേശം വന്നു, ഓട്ടത്തിനായി ഉപയോഗിക്കുന്ന ഒരുവിധത്തിൽപ്പെട്ട നായ്ക്കളുടെ ബസിൽ കയറുക. അവർ ചോദിച്ചു, “ഈ ബഹളങ്ങളെല്ലാം എന്താ? അതെല്ലാം എന്താണ്?”

55 അവരിൽപ്പെട്ട ഒരാൾ പറഞ്ഞു, “ഇവിടെ നോക്കു, ഇവിടെയാണ് ആ വാർത്ത. യുദ്ധം ഇപ്പോൾ അവസാനിച്ചതേയുള്ളൂ.” അപ്പോൾ എല്ലാവരും കരയുകയും നിലവിളിക്കുകയും ചെയ്യുന്നുണ്ടായിരുന്നു.

56 എന്നാൽ ഒരു സ്ത്രീ പറഞ്ഞു, “ഓ, എന്റെ, എന്താ അത് അങ്ങനെ അവസാനിച്ചത്? അത് അല്പം ദിവസംകൂടി നീണ്ടു പോയിരുന്നെങ്കിൽ, എനിക്കും ജോണിനും ഈസി തെരുവിൽ ഇരിക്കാനാകുമായിരുന്നു, ഞങ്ങൾ അവിടെ ഇരിക്കുമായിരുന്നു,” എന്നു പറഞ്ഞു.

57 ആ ബസിന്റെ പിൻവശത്ത്, ബസിന്റെ സ്പില്ലിൽ ഒരു മനുഷ്യൻ ഇരിക്കുകയായിരുന്നു; ആ സ്ത്രീയെ കടന്നു പിടിച്ച്, അവളെ കതകിനു വെളിയിലേയ്ക്ക് എറിയുന്ന വക്കോളം എത്തി. പിന്നീട് പോലീസ് അയാളെ അറസ്റ്റ് ചെയ്യുമ്പോൾ, അയാൾ പറഞ്ഞു, “ഞാൻ ചെയ്തതിന്റെ കാരണമെന്തെന്നാൽ,” “ആ സ്ത്രീയുടെ ആരും തന്നെ അവിടെ ഇല്ലാതിരുന്നതിനാൽ അവൾക്ക് അതിനെപ്പറ്റി വ്യാകുലതയില്ലായിരുന്നു. എന്നാൽ എന്റെ ആൺകുട്ടികൾ അവിടെ ഉണ്ടായിരുന്നു.” “അതിനാൽ എനിക്ക് എന്റെ വികാരം നിയന്ത്രിക്കാൻ കഴിഞ്ഞില്ല.”

58 ഓ, സഹോദരാ! എനിക്ക് ഒരു പിതാവ് അവിടെ കാണുന്നിടത്തുണ്ട്! എന്റെ പ്രിയപ്പെട്ടവർ അവിടെ കാണുന്നതിനുണ്ട്. യേശു ജയിച്ചടക്കി എന്നത്, എന്നെ സംബന്ധിച്ചിടത്തോളം എന്തോ ആകുന്നു. എനിക്ക് ഒരു ഭാര്യയെ കിട്ടി. എനിക്ക് ഒരു കുഞ്ഞ് ലഭിച്ചു. ഞാൻ സ്നേഹിക്കുന്നവരുണ്ട്. ആ ശക്തനും ശ്രേഷ്ഠനുമായ ജയാളി! നിങ്ങൾക്ക് എന്നെ “വിശുദ്ധ ഉരുളുകാരൻ” എന്നോ “ഒരു മതത്തോടോ ആശയത്തോടോ പ്രത്യേക താല്പര്യം വെയ്ക്കുന്നവനെന്നോ” എന്താണോ ആഗ്രഹിക്കും പോലെ വിളിക്കാം. എന്നാൽ, ഞാൻ ആ ശ്രേഷ്ഠ യുദ്ധത്തെപ്പറ്റി ചിന്തിക്കുമ്പോൾ, അത് കഴിഞ്ഞിരിക്കുന്നു, വില ഒടുക്കിക്കഴിഞ്ഞു, യുദ്ധജയം ജയിച്ചു കഴിഞ്ഞു. യേശു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു, അവന്റെ മിശിഹാത്വത്തിന്റെ അവസാന മുദ്ര, അതെല്ലാം കഴിഞ്ഞിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും, താക്കോലുകളുമായി, അവൻ ഇന്നു രാവിലെ നേരം ജീവിച്ചിരിക്കുന്നു. ആ അതിരിന്റെ അപ്പുറത്തായി ഞാൻ സ്നേഹിക്കുന്നവരായ അനേകരുണ്ട്. ഞാൻ ഈ പഴയതും

പ്രൗഢവുമായ ഹൈവേയിലൂടെ നടന്ന്, അവരെ കാണാൻ പോകുന്നു. എനിക്ക് ഭ്രാന്താണെന്ന് വിചാരിക്കരുത്. ഓ, എന്നാലോ അതെല്ലാം തീരുമാനത്തിലെത്തിക്കഴിഞ്ഞു എന്നതിനാൽ ഞാൻ സന്തോഷത്തിലാണ്! അത് ഒരു കഴിഞ്ഞുപോയ പ്രവർത്തിയാണ്.

ജീവിച്ചുകൊണ്ട്, അവൻ എന്നെ സ്നേഹിച്ചു;
മരിച്ചുകൊണ്ട്, അവൻ എന്നെ രക്ഷിച്ചു;
അടക്കത്തിൽ, അവൻ എന്റെ പാപങ്ങളെ ചുമന്നു വളരെ ദൂരമാക്കി;
ഉയിർത്തെഴുന്നറ്റുകൊണ്ട്; അവൻ എന്നേയ്ക്കും സൗജന്യമായി നീതികരിച്ചു,
ഒരുനാൾ അവൻ വരുന്നു, ഓ, മഹത്തായ ദിനം!

59 ഈ അനുഗ്രഹിക്കപ്പെട്ട പഴയ പരിശുദ്ധാത്മാവിന്റെ അഭിഷേകം, നമ്മെ ഈ അത്ഭുതാവഹമായ പഴയ ഹൈവേയിലൂടെ നയിക്കും, ഓ, അത് എത്ര മഹത്വമേറിയതാണ്! അതിനെക്കുറിച്ച് ഞാൻ എങ്ങനെയാണ് ലജ്ജിതനാകുക! ഇന്നു രാവിലെ നേരം ഞാൻ വിശുദ്ധ പൌലോസുമായി ചേർന്നു നിന്നുകൊണ്ട്, ഇങ്ങനെ പറയുകയാണ്, "യേശുക്രിസ്തുവിന്റെ സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല, എന്തെന്നാൽ അത് രക്ഷക്കായുള്ള ദൈവത്തിന്റെ അധികാരമാണ്." അത് രോഗങ്ങളുടെ മേൽ അധികാരമാണ്. അത് മരണത്തിൻറെ മേൽ അധികാരമാണ്. അത് കല്ലറയുടെ മേൽ അധികാരമാണ്.

60 ആ കർക്കശക്കാരൻ വൃദ്ധനായ അപ്പോസ്തലൻ തന്റെ യാത്രയുടെ അവസാനത്തെത്തുമ്പോൾ, അവർ അവനെ അടക്കം ചെയ്യാൻ കുഴി ഉണ്ടാക്കിക്കൊണ്ടിരിക്കുകയും, മരണം അവന്റെ മുഖത്ത് നോക്കി ചിരിക്കുകയും ചെയ്യുന്നുണ്ടായിരുന്നു, അവൻ അതിന്റെ മുഖത്ത് നേരെ നോക്കി ചിരിച്ചു. അവൻ ചോദിച്ചു, "മരണമേ നിന്റെ വിഷമുള്ളെവിടെ? കല്ലറയേ നിൻറെ ജയമെവിടെ?" അതിനുശേഷം അവൻ ദൈവത്തിനു സ്തുതികൾ അർപ്പിക്കാൻ തുടങ്ങി, "ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ ഞങ്ങൾക്കു ജയം നൽകിയ ദൈവത്തിനു സ്തോത്രം!"

61 എപ്പോഴെങ്കിലും ജീവിച്ചിരുന്നതിൽവച്ച് ഏറ്റവും ശക്തനായി ജയിച്ചടക്കിയവൻ, എപ്പോഴെങ്കിലും മരിച്ചവരിൽ വച്ച് ഏറ്റവും ശക്തനായി ജയിച്ചടക്കിയവൻ, എന്തെന്നാൽ ജയിച്ചടക്കാൻ കഴിവുള്ളവൻ അവൻ ഒരുവൻ മാത്രമാണ്; മരിച്ച്, മരണത്തേയും ജയിച്ചടക്കുക, പിന്നെ വീണ്ടും ജയോത്സവത്തോടെ ഉയിർത്തെഴുന്നേൽക്കുക! അവൻ എന്തായിരുന്നു എന്നു തെളിയിച്ചു

കാണിച്ചു. അത് അവന്റെ മിശിഹാത്വത്തിന്റെ അവസാന മുദ്രയായിരുന്നു.

62 ഇപ്പോൾ, യുദ്ധം അവസാനിക്കുമ്പോഴുള്ള സന്തോഷത്തെപ്പറ്റി അറിഞ്ഞു കൂടാത്തതും, ശീതോഷ്ണവാനായ ഒരു സഭാംഗം, ഇവിടെ ഇന്നു രാവിലെ നേരം യാദൃശ്ചികമായി ഇരിക്കുകയാണെങ്കിൽ. ജനങ്ങൾ ആർപ്പിടുന്നു, ജനങ്ങൾ ആനന്ദിക്കുന്നു, ജനങ്ങൾ കരയുന്നു! നിങ്ങൾ ചോദിക്കാം, "അവർക്ക് എന്താണ് സംഭവിച്ചത്?" അത് അവസാനിച്ച കാര്യമെന്ന് അവർക്ക് അറിയാം. അത് മുഴുവനും കഴിഞ്ഞിരിക്കുന്നു! [ബ്രദർ ബ്രൺഹാം തന്റെ കൈയ്യടിക്കുന്നു—Ed.] തീർച്ചയാണ്! നാം ബാൻഡ് വായിക്കുകയാണ്. നാം കാഹളങ്ങളാൽ ഉച്ചത്തിൽ ആർക്കുകയാണ്, അപ്പോൾ സുവിശേഷം പുറത്തേയ്ക്ക് പോകുന്നു. ദൈവത്തിന്റെ മഹത്വവും അധികാരവും വെളിപ്പെടുന്നു. അത് ഒരു കഴിഞ്ഞ പ്രവർത്തിയാണ്, ആ കരാർ ഒപ്പിട്ടുകഴിഞ്ഞു; ദൈവത്തിന് മഹത്വം, ക്രിസ്തു തന്റെ സ്വന്ത രക്തത്താൽ അതിൽ ഒപ്പിട്ടു! യുദ്ധം തീർന്നു കഴിഞ്ഞു. യുദ്ധജയം ജയിച്ചിരിക്കുന്നു. ഒരിക്കലും ഞാനല്ല അത് ജയിച്ചത്; അവൻ അത് ജയിച്ചിരിക്കുന്നു! ഞാൻ അതിനെക്കുറിച്ച് സന്തോഷിക്കുക മാത്രമാണ് ചെയ്യുന്നത്. എന്റെ!

63 അവരിൽപ്പെട്ട ചില ആൺകുട്ടികൾ അവർ കടലിനക്കരെ നിന്നും തിരികെ വരുമ്പോൾ, അവർ എന്നോട് പറഞ്ഞു, കപ്പൽ ന്യൂയോർക്കിനോട് അടുക്കുമ്പോൾ തന്നെ, അത് തുറമുഖത്തോട് അടുക്കാൻ തുടങ്ങുമ്പോൾ തന്നെ, അവർ അവിടേയ്ക്ക് നോക്കി അവിടെ സ്വാതന്ത്ര്യത്തിന്റെ പ്രതിമ നിൽക്കുന്നതു കാണും. നിങ്ങൾക്ക് ആദ്യമായി കാണാനാകുന്ന കാര്യം, ചെറിയ ദണ്ഡിന്റെ ആകൃതിയിലുള്ള സാധനമാണ്. അവർ എഴുന്നേൽക്കും, അവരിൽപ്പെട്ട ചിലർ നേരെ നടക്കാൻ കഴിയാത്ത, ദീർഘവും അനുഭവ സമ്പത്തുള്ളവർ, അത് അവർക്കും കാണാൻ സാധിക്കും വിധത്തിൽ, കപ്പലിന്റെ തട്ടിൽ ഇടം പിടിച്ചിരിക്കും. അവർ സ്വാതന്ത്ര്യത്തിന്റെ പ്രതിമ കാണാൻ തുടങ്ങുമ്പോൾ, കരയാൻ തുടങ്ങും. അവർ കരയുന്നു. അവർക്ക് അതിനെ നിയന്ത്രിക്കാനാകില്ല. മഹാന്മാരും ശക്തരുമായ മനുഷ്യർ, ദാക്ഷണ്യമില്ലാതെ പെരുമാറുന്നവർ അവിടെ, വിറച്ചു വിറങ്ങലിച്ചുകൊണ്ടു നിൽക്കും. അവർക്ക് അവരുടെ വികാരത്തെ നിയന്ത്രിക്കാനാകില്ലായിരുന്നു. എന്തുകൊണ്ടാണ്? അത് സ്വാതന്ത്ര്യത്തിന്റെ ഒരു സൂചക സങ്കേതമായതു കൊണ്ടായിരുന്നു. ആ സ്വാതന്ത്ര്യത്തിൻറെ പ്രതിമയ്ക്കു തൊട്ടു പിന്നിൽ...പപ്പാ, മമ്മാ, സ്നേഹിക്കുന്നവർ, പ്രീയതമ, ഭാര്യ, കുഞ്ഞ്, ഈ ഭൂമിയിൽ അവർക്ക് പ്രീയരായിരുന്നവർ എല്ലാവരും, അതിനു തൊട്ടു പുറകിലായി കാത്തു

നിന്നിരുന്നു. അവർ അവിടേയ്ക്ക് കടന്നു പോകുന്നതിനു തൊട്ടു മുമ്പ്, അത് സ്വതന്ത്രരുടെ ഭൂമിയും ധൈര്യശാലികളുടെ വീടുമാണെന്ന്, അവർ തിരിച്ചറിഞ്ഞു. അത് നിങ്ങളുടെ വികാരത്തെ ഇളക്കും, തീർച്ച, ആ പഴയ കൊടി പറക്കുന്നു. യുദ്ധത്തിന്റെ തഴമ്പുള്ള ദീർഘാനുഭവസമ്പത്തുള്ളവർ തുറമുഖത്തോട് അടുത്തുവരാൻ തുടങ്ങുന്നതിനെപ്പറ്റി, ചിന്തിച്ചു നോക്കൂ! തീർച്ചയായും, അത് ഒരു അത്ഭുതകരമായ സമയമായിരിക്കും

64 എന്നാൽ, ഓ, സഹോദരാ, ഈ പ്രഭാതങ്ങളിലൊന്നിൽ, ആ സ്വർഗ്ഗത്തിന്റെ പഴയ കപ്പൽ ഒത്തുതീർപ്പ് ഖണ്ഡിച്ച് വീണ്ടും യുദ്ധം തുടങ്ങുമ്പോൾ, ആ ചിഹ്നം, ആ പഴയ പരുക്കനെങ്കിലും ശുദ്ധമായ കുരിശ്, അവിടെ നിൽക്കുന്നത് ഞാൻ കാണുന്നു! അവളുടെ വയസ്സായ കൊടികളിൽ കാറ്റിനാലുള്ള വാറുകൊണ്ട് അടിച്ചുകൊണ്ടിരിക്കുമ്പോൾ, അവൾ മരണത്തിന്റെ മഞ്ഞിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്നു. എന്തു തരം യുദ്ധജയമായിരുന്നു അത്! നമുക്ക് നമ്മുടെ വികാരങ്ങളെ പിടിച്ചു വെയ്ക്കാനാകാത്തത് എന്തുകൊണ്ടാണെന്ന് ഇപ്പോഴും അറിയാൻ സാധിക്കാത്തതിൽ ഒരത്ഭുതവുമില്ല! എന്തോ ചിലത് സംഭവിച്ചു; നാം കൂട്ട-പൗരന്മാരായി മാറിക്കഴിഞ്ഞു. ആ കാര്യം പൂർണ്ണമായി.

65 സിഡ്നി മുതൽ, തെക്കേ സിഡ്നിയുടെ മുകളിലൂടെ, തെക്കു വടക്ക് ആസ്ട്രേലിയയിൽ, അവർ ആ മഹത്തായ പാലം നിർമ്മിക്കുകയായിരുന്നു. എപ്രകാരമായിരുന്നു ഓരോ മനുഷ്യനും നോക്കിയിരുന്നത്...അതു ചെയ്യാൻ കഴിവുള്ള ഒരു മനുഷ്യനെ കണ്ടുപിടിക്കാൻ അവർ ലോകത്തിൽ എല്ലായിടവും പോയിരുന്നു. ആ ജോലി വളരെ ശ്രേഷ്ഠമേറിയതായിരുന്നു, എന്തെന്നാൽ, അത് ആരാലും ചെയ്യാനാകില്ല എന്നാണ് അവർ പറഞ്ഞിരുന്നത്. അവസാനം ഇംഗ്ലണ്ടിൽ നിന്നും ഒരു മനുഷ്യൻ, "ഞാൻ ആ ജോലി ചെയ്യാം," എന്നു പറഞ്ഞു. അയാൾ ആ ജോലി ചെയ്യാൻ അവിടേയ്ക്ക് വന്ന്, ആ പാലത്തിൽ പിടിപ്പിക്കാനുള്ള ഓരോ ബോൾട്ടും പരിശോധിച്ചു. അയാളുടെ പ്രശസ്തി അപകടത്തിലാകുമായിരുന്നു. അതിലേയ്ക്ക് ഉപയോഗിക്കുന്ന മണ്ണിനേയും മറ്റും അയാൾ പരിശോധിച്ചു. അവൻ എല്ലായിടത്തും സഞ്ചരിച്ചുകൊണ്ട്, അയാൾക്കു കണ്ടുപിടിക്കാനായതിൽ വെച്ച് ഏറ്റവും നല്ലത് തിരഞ്ഞെടുത്തു; അയാൾക്ക് ഏറ്റവും നല്ല മെക്കാനിക്കുകളെ കിട്ടി, ഏറ്റവും നല്ല കെമിസ്റ്റുകൾ, അയാൾക്കു ചുറ്റും യാത്ര ചെയ്തു കണ്ടുപിടിക്കാനായി ഏറ്റവും നല്ലത് അയാൾ തിരഞ്ഞെടുത്തു. പിന്നെ, അവസാനം, പാലം

പണി തീർന്നപ്പോൾ, അതായത് അവളെ പരീക്ഷിക്കേണ്ട ദിവസം വന്നു.

66 ഒരു വശത്ത് വിമർശകർ നിന്നുകൊണ്ട്, "അത് അവിടെ നിൽക്കില്ല. അത് താഴേയ്ക്ക് കുലുങ്ങി വീഴും. അവിടെ അടിയിലായി വളരെ മണൽക്കുനയാണ്." എന്നെല്ലാം അവർ പറഞ്ഞുകൊണ്ടിരുന്നു.

67 എന്നാൽ, അയാൾ, ആഴത്തിൽ, ആഴത്തിൽ, ആഴത്തിൽ, ആഴത്തിൽ കുഴിച്ചിരുന്നു. അയാൾക്ക് ആത്മവിശ്വാസമുണ്ടായിരുന്നു. എല്ലാം പരിശോധിച്ചതാണെന്ന് അയാൾക്ക് അറിയാമായിരുന്നു. "ആദ്യം ഞാൻ തന്നെ സ്വയം ഇതിന്റെ മറുവശത്തേയ്ക്ക് തുള്ളിത്തുള്ളി നടക്കാം." അയാൾ മേയറിന്റെ മുമ്പിലായി, ഇങ്ങനെ നടന്നു പോയ്ക്കൊണ്ടിരിക്കുമ്പോൾ, ഏകദേശം ആറു നിരനിരയായായ, വലിയ ട്രയിനുകൾ, ആ പാലത്തെ കുലുക്കിക്കൊണ്ട്, വിലങ്ങനെ വരികയായിരുന്നു. അത് പണിത ആ ശ്രേഷ്ഠ വ്യക്തി, ഈ ഘോഷയാത്രയുടെ ഏറ്റവും മുന്നിലായി ഇങ്ങനെ, പോവുകയായിരുന്നു, "അവൾ വീണാൽ, ഞാൻ അതിനോടൊപ്പം." എന്നാൽ അയാൾക്ക് ആത്മധൈര്യമുണ്ടായിരുന്നു.

68 ഈ വിധത്തിലാണ് നമ്മുടെ അനുഗ്രഹീത കർത്താവ് തന്റെ സഭയെ കെട്ടിയപ്പോൾ ഈ കെട്ടിയത്! അവൻ ഓരോ ബോൾട്ടിനേയും പരിശോധിച്ചു, അതിലേയ്ക്ക് പോകുന്ന ഓരോന്നും, എന്തെന്നാൽ അത് തികച്ചും രക്തത്താൽ-കഴുകപ്പെടേണ്ടതുണ്ട്! പിന്നെ വിമർശകരിൽ ഒരാൾ മറു വശത്തു നിന്നുകൊണ്ട്, പറയും, "വിശുദ്ധ ഉരുളുകാരുടെ ആ കൂട്ടർ, അവർക്ക് അതിന് കഴിയില്ല." എന്നാൽ ഈ വരാനിരിക്കുന്ന മഹത്തായ ദിവസങ്ങളിൽ ഒന്നിൽ! ഈ ശ്രേഷ്ഠനും ശക്തനുമായി ജയിച്ചടക്കിയവൻ, ഇന്ന്, ജയോത്സവം നടത്തിക്കൊണ്ട് നമ്മുടെ മുന്നിൽ പോയ്ക്കൊണ്ടിരിക്കുന്നു! അവൾ വിറയ്ക്കുകയോ, അവൾ എന്തു ചെയ്യാനാഗ്രഹിക്കുന്നുവോ അതു ചെയ്തുകൊള്ളട്ടെ, അവൻ...എവിടെയും ഒരു വഴുതൽ പോലും അതിനു സംഭവിക്കില്ല, എന്തെന്നാൽ അവളെ ആ വിധമാണ് ഉണ്ടാക്കിയിരിക്കുന്നതും, അതിനെ പൂർത്തിയാക്കപ്പെട്ടിരിക്കുന്നതും. തീർച്ച!

69 നമ്മുടെ മനസ്സുകളെ ലോകത്തിലെ കാര്യങ്ങളിലേയ്ക്ക് തിരിച്ച്, ഇന്നു നാം ജനങ്ങളുടെ വ്യവസ്ഥകൾ പ്രകാരമാണ് ചിന്തിക്കുന്നത്. എന്നാൽ ഞാൻ നിങ്ങളോട് ചിലത് പറയട്ടെ, സഹോദരാ, ഒരിക്കലും എന്നെ സുവിശേഷം മൂലം ലജ്ജിക്കാൻ അനുവദിക്കരുത്! ഓ, സഹോദരാ, ഞാൻ, ദൈവത്തിന്റെ ആത്മാവിനാൽ,

പരിശുദ്ധാത്മാവിനാൽ ജനിച്ച, വീണ്ടും ജനിക്കപ്പെട്ട, ഒരു പഴയ പെരുമാറ്റത്തിലെ വ്യക്തിയാണ്. ഞാൻ ആ വിധത്തിലാണ് ജനിച്ചത്, അതാണ് എന്നിലുള്ളതും, ഞാൻ എന്നേക്കും ആയിരിക്കാൻ ആഗ്രഹിക്കുന്നതും.

70 ഒരിക്കൽ, വളരെ നാളുകളായില്ല, കോളേജിൽ പോയ്ക്കൊണ്ടിരുന്ന ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവൾ മനോഹരിയും, ഒരു കൊച്ചു പെൺകുട്ടിയുമായിരുന്നു. അവൾ വീട്ടിലേയ്ക്ക് തിരികെ വന്നപ്പോൾ, അവളുടെ കോളേജിലെ ചില ആശയങ്ങളും കൂടെ അവളോടൊപ്പം എടുത്തിരുന്നു.

71 ചിലപ്പോൾ, ഇന്നു രാവിലെ, നിങ്ങളിൽ ചിലർക്ക് നിങ്ങളുടെതായ പുറമേയുള്ള ആശയങ്ങളുണ്ടായിരിക്കാം. ചിലപ്പോൾ, നിങ്ങളുടെതായ അനേക ആശയങ്ങൾ സഭയിലേക്ക് കൊണ്ടുവന്നു നടപ്പവരുത്തിയെന്നും ഇരിക്കാം, അതെ, എനിക്ക് അറിയുന്ന കാര്യമെന്തെന്നാൽ, അതിനെ ഒഴിവാക്കിക്കൊള്ളുക എന്നു മാത്രമാണ്.

72 ഈ ട്രെയിൻ മുന്നിൽ കൊണ്ടു വന്നു നിർത്തിയപ്പോൾ, ഈ പെൺകുട്ടി ഇറങ്ങിവന്നു. അവൾ വരുമ്പോൾ, എൽവിസ് പ്രിസിലിയുടെ വിഭാഗത്തിലെ, കുഴപ്പം കാണിക്കുന്നതിൽ അസാധാരണമായ ധൈര്യം കാണിക്കുന്ന വിധത്തിലുള്ള, മറ്റൊരു പെൺകുട്ടിയേയും കൂടെ അവളോടൊപ്പം കൂട്ടിക്കൊണ്ടുവന്നിരുന്നു. നിങ്ങൾക്ക് അറിയാവുന്നതു പോലെ, അവൾ ട്രെയിനിന്റെ വശത്ത് നിൽക്കുകയായിരുന്നു. അവളുടെ അമ്മ, മുഖമാകെ, പരിഭ്രാന്തി നിറഞ്ഞ്, ചെറുതായി കുനിഞ്ഞ തോളുകൾ; വിലകുറഞ്ഞ പരുത്തിത്തുണിയിലെ വസ്ത്രം, അവളുടെ തോളുകളിൽ ഒരു ചെറിയ ഷാളുമായി അവിടെ പുറത്തു നിന്നുകൊണ്ടിരുന്നു. ഈ മറ്റേ പെൺകുട്ടി, കുഴപ്പം കാണിക്കുന്നതിൽ അസാധാരണമായ ധൈര്യശാലി, ഇവൾ കൂടെ കൊണ്ടുവന്ന പെൺകുട്ടി, താഴേക്ക് നോക്കി ഇങ്ങനെ ചോദിച്ചു, "അതെ, ആ നികൃഷ്ടയും, കാഴ്ചയ്ക്ക് വൃത്തിയില്ലാതെ നിൽക്കുന്ന ആ വയസ്സായ സ്ത്രീ ആരാണ്?"

73 കൊള്ളാം, അത് ആ കൊച്ചു പെൺകുട്ടിയെ കുഴപ്പത്തിലാക്കി, അവൾ പറഞ്ഞു, "എനിക്കറിയില്ല," എന്തെന്നാൽ അവൾ ശരിയായി ബഹുമാനം കൊടുക്കുന്നതിൽ ശ്രദ്ധ വെയ്ക്കാതിരിക്കാൻ, അവളുടെ ബുദ്ധിയിൽ ലോകത്തിന്റെ അനേക ആശയങ്ങളെ കുത്തിനിറച്ചിരുന്നു. എന്നാൽ അത് അവളുടെ സ്വന്ത അമ്മയായിരുന്നു.

74 അവൾ ട്രെയിനിൽ നിന്ന് ഇറങ്ങിക്കഴിഞ്ഞപ്പോൾ, ആ അമ്മ അവളുടെ അടുത്തേയ്ക്ക് ഓടിച്ചെന്ന്, അവളുടെ കഴുത്തിനു ചുറ്റും

കൈകളാൽ ചുറ്റിപ്പിടിക്കാൻ തുടങ്ങി. അവൾ പറഞ്ഞു, "ഓ, എന്റെ കുഞ്ഞു പ്രീയേ, ദൈവം നിന്റെ കുഞ്ഞു ഹൃദയത്തെ അനുഗ്രഹിക്കട്ടെ." അവൾ അവളെ വിട്ടിട്ട്, അവളെ അറിഞ്ഞുകൂടാത്തതു പോലെ തിരിഞ്ഞു നടക്കാൻ തുടങ്ങി. അവൾ കുഴപ്പത്തിലക്കപ്പെട്ട കാരണമെന്തെന്നാൽ, അവളുടെ അമ്മ അത്രയും വിരൂപിയായിരുന്നു.

75 ആ ട്രെയിനിന്റെ കണ്ടക്ടർക്ക്, സംഭവിച്ച കാര്യം എന്താണെന്ന് അറിയാമായിരുന്നു. അയാൾ അവിടേയ്ക്ക് നടന്നു ചെന്ന്, ആ പെൺകുട്ടിയുടെ തോളിൽ തന്റെ കൈകൊണ്ട് പിടിച്ച്, അവളെ നോക്കിക്കൊണ്ടു നിന്നവരുടെ മുഖത്തേയ്ക്ക് തിരിഞ്ഞ് ഇങ്ങനെ പറഞ്ഞു, "നിന്നാൽ ഞാൻ ലജ്ജിക്കുന്നു! നിന്നാൽ ലജ്ജിക്കുന്നു! നിന്റെ അമ്മ നിന്നെക്കാൾ പത്തു മടങ്ങു സുന്ദരിയായിരുന്ന സമയം ഞാൻ അവളെ കണ്ടിട്ടുണ്ട്, അവൾ ആയിരുന്നു. ഞാൻ അവളുടെ അയൽ വാസിയായിരുന്നു." എന്നിട്ട് പറഞ്ഞു, "നീ ഒരു കുഞ്ഞായിരിക്കുമ്പോൾ, വീടിലെ ഒന്നാം നിലയിൽ നിന്നെ തൊട്ടിലിൽ കിടത്തിയിരുന്നു, നിന്റെ അമ്മ വീട്ടിന്റെ പിൻവശത്ത് തുണികൾ വിരിച്ചു കൊണ്ടിരിക്കുകയായിരുന്നു. വളരെ പെട്ടെന്ന്, ചൂള കത്താൻ തുടങ്ങി, ആ മുഴുവൻ വീടും തീജ്വാലയുടെ പിടിയിൽ അമർന്നു. നിന്റെ ഈ ചെറിയ അമ്മ ചുറ്റിലും ഓടാൻ തുടങ്ങി, നീ അവിടെ മുകളിലായി, മുകളിലത്തെ നിലയിലാണ് കിടന്നിരുന്നത് എന്ന് അറിയാമായിരുന്നു. അവർ നിലവിളിച്ചു, അവർ അവളെ ബലാൽക്കാരമായി പിടിച്ചു നിർത്താൻ നോക്കി. എന്നാൽ അവളുടെ സകല ശക്തിയാലും അവൾ കുതറി മാറി, ആ തീയുടെ ഇടയിലൂടെ, മുകളിലത്തെ നിലയിലേയ്ക്ക് ഓടി; അവളുടെ ശരീരത്തിലെ എല്ലാ വസ്ത്രങ്ങളും ഉരിഞ്ഞെടുത്ത്, കുഞ്ഞിനെ അതിൽ പുതച്ചു. അതിൽ നിന്നെ പുതച്ചുകൊണ്ട് അവൾ ആ തീജ്വാലയിലൂടെ പുറത്തു വന്നു. അവൾ പിൻഭാഗത്ത്, ബോധം കെട്ടു കിടക്കുമ്പോഴും, നിന്നെ അവളുടെ കൈകളിൽ വെച്ചിരുന്നു. എന്തിനാൽ അവൾക്ക് അവളെ രക്ഷിക്കാമായിരുന്നോ, അതിനാൽ അവൾ നിന്നെ രക്ഷിച്ചു." പറഞ്ഞു, "അതിനാലാണ് നീ ഇന്ന് സുന്ദരിയായിരിക്കുന്നത്, അതുകൊണ്ട് അവൾ കാഴ്ചയ്ക്ക് വിരൂപിയായിരിക്കുന്നു. അതുമല്ല, നിന്റെ അമ്മയുടെ മുഖത്ത് ആ പാടുകളുള്ളതിനാൽ നിനക്ക് ലജ്ജയാണ് എന്നാണോ നീ എന്നോട് പറയാൻ ശ്രമിക്കുന്നത്?"

ഞാൻ ഇന്നു ചിന്തിക്കുന്നത്:

യേശു ഒറ്റയ്ക്ക് ആ കുരിശ് ചുമക്കുകയും
ലോകരെല്ലാം സ്വതന്ത്രരുമായോ?

ഓരോർത്തർക്കും ഒരു കുരിശുണ്ട്
അവിടെ എനിക്കും ഒരു കുരിശുണ്ട്.

76 ഈ ലോകത്താൽ യേശു ഒരു ബേയെത്സബൂൽ എന്നാണ് പരിഗണിക്കപ്പെട്ടിരുന്നെങ്കിൽ, അവൻ കളിയാക്കപ്പെട്ടും പുച്ഛിക്കപ്പെട്ടും ഇരുന്നെങ്കിൽ, എനിക്കായി ഒരു കുരിശിൽ തൂക്കി, ഒരു ലജ്ജയാക്കിയെങ്കിൽ; അവന്റെ പവിത്രതയ്ക്കായി അധികം അപമാനം ഏൽക്കുന്നതിൽ ഞാൻ അതിയായി ആനന്ദിക്കും. അതെ, സർ, "വിശുദ്ധ ഉരുളുകാരൻ," എന്നോ അതല്ല നിങ്ങൾ എന്തു വേണമെങ്കിലും വിളിച്ചുകൊള്ളൂ, നിങ്ങൾ ആഗ്രഹിക്കുന്ന എന്ത് അഭിപ്രായവും പറഞ്ഞു കൊള്ളുവിൻ. അത് അതിനെ അല്പം പോലും നിർത്തുകയില്ല. ഇന്നു രാവിലെ നേരം ഞാൻ സന്തോഷവാനായിരിക്കുന്ന ഏക കാര്യമെന്തെന്നാൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു എന്റെ ഹൃദയത്തിൽ വസിക്കുകയും വാഴുകയും ചെയ്യുന്നതിനാലാണ്. ഞാൻ അവന്റെ പ്രജകളിൽപ്പെട്ട ഒന്നാണ്. നിങ്ങളും ആണെന്ന് ഞാൻ പ്രത്യാശ വെയ്ക്കുന്നു.

77 ഇപ്പോൾ നമ്മുടെ സമയം കഴിഞ്ഞിരിക്കുന്നു. നാം പിരിഞ്ഞു പോകും എന്നു പറഞ്ഞിരുന്ന സമയം കൃത്യം ഏഴു മണിയായിരിക്കുന്നു. അടുത്ത സർവ്വീസ് ഏകദേശം രണ്ടര മണിക്കൂറുകൾക്കു ശേഷം ഒമ്പതര മണിക്ക് ആരംഭിക്കും.

ഒരു നിമിഷം, പ്രാർത്ഥനക്കായി, നമുക്ക് നമ്മുടെ തലകളെ, വണക്കാം.

78 അനുഗ്രഹീതനായ സ്വർഗ്ഗീയ പിതാവെ, നാല്പത്തിയഞ്ചു മിനിട്ടുകൾ കഴിഞ്ഞിരിക്കുന്നു, വചനം മുന്നിലേയ്ക്ക് പോയ്ക്കഴിഞ്ഞു. ഞങ്ങളുടെ ഹൃദയങ്ങൾ സന്തോഷത്തിലാണ്. ആ ജൂബിലി നടന്നുകൊണ്ടിരിക്കുകയാണ്; വെറും ഒരു ദിവസത്തെ മാത്രം ജൂബിലിയല്ല, എന്നാൽ ഒരു നിത്യതയ്ക്കായുള്ള ജൂബിലി! മഹത്വത്തിൽ, ദൂതന്മാർ പാടുന്നു. ഓ ദൈവമേ, ആ സഭ, ജയോത്സവത്താൽ പാടുന്നു. ആനന്ദത്തിന്റെ മണികൾ മുഴങ്ങുന്നു. ഒരിക്കൽ മരണത്തിനായി വിധിക്കപ്പെട്ടിരുന്നവർ, മരിച്ച് പിശാചിന്റെ കല്ലറയിലേയ്ക്ക് പോയവർ, പിശാചിനെ ജയിച്ചടക്കിയിരുന്നു! മരണത്തെ ജയിച്ചടക്കിയിരിക്കുന്നു. കല്ലറയെ ജയിച്ചടക്കിക്കഴിഞ്ഞു. രോഗത്തെ ജയിച്ചടക്കി. അന്ധവിശ്വാസത്തെ ജയിച്ചടക്കി. ദ്രോഹചിന്തയെ ജയിച്ചടക്കി. വിദ്വേഷത്തെ ജയിച്ചടക്കി. നിഷ്പക്ഷതയെ ജയിച്ചടക്കി. തൊട്ടുകൂടായ്മയെ ജയിച്ചടക്കി. സ്വന്ത-ശൈലിയെ ജയിച്ചടക്കി. സകലതും ജയിച്ചടക്കി. ക്രിസ്തുവാണ് ആ ശ്രേഷ്ഠനായ ജയിച്ചടക്കിയവൻ!

ഇതാ, ആ ശ്രേഷ്ഠനായ വിജയി (കവി പാടുന്നു)
ഇതാ, അവനെ നേരെ മുന്നിൽ കാണാനാകുന്നു
എന്തെന്നാൽ അവൻ ശ്രേഷ്ഠനായ വിജയിയാണ്
അവൻ ആ തിരശീലയെ രണ്ടായി കീറിയത് മുതൽ

79 ദൈവത്തെ മനുഷ്യരിൽ നിന്നും മറച്ചിരുന്ന ആ തിരശീലയെ അവൻ രണ്ടായി വലിച്ചു കീറി, ദൈവം ഇപ്പോൾ മനുഷ്യരുടെ ഇടയിൽ വസിക്കുന്നു. അവൻ ആ തിരശീല കീറിയത് അത് മറ്റുള്ളവർക്കു കൊടുക്കാതെ ദൈവം തന്റെ പക്കൽ വെച്ചിരുന്ന രോഗസൗഖ്യം വെളിയിൽ വന്നു. അവൻ ആ തിരശീല കീറിയത് അത് മറ്റുള്ളവർക്കു കൊടുക്കാതെ ദൈവം തന്റെ പക്കൽ വെച്ചിരുന്ന അനുഗ്രഹം പുറത്തേയ്ക്ക് വന്നു. അവൻ ആ തിരശീല കീറിയത് അത് മറ്റുള്ളവർക്കു കൊടുക്കാതെ ദൈവം തന്റെ പക്കൽ വെച്ചിരുന്ന സന്തോഷം പുറത്തേയ്ക്ക് വന്നു. അവൻ ആ തിരശീല കീറിയത് അത് മറ്റുള്ളവർക്കു കൊടുക്കാതെ ദൈവം തന്റെ പക്കൽ വെച്ചിരുന്ന സമാധാനം പുറത്തേയ്ക്ക് വന്നു. ഇപ്പോൾ തിരശീല രണ്ടായി കീറിയിരിക്കുന്നു. തന്റെ സ്വന്ത രക്തത്താൽ, അവൻ ജയിച്ചടക്കിയവനായി നടന്നു! തന്റെ ഉയിർത്തെഴുന്നേല്പിനാൽ യുദ്ധം കഴിഞ്ഞിരിക്കുന്നു എന്നു അവൻ നമുക്ക് തെളിയിച്ചു തന്നു. ഇപ്പോൾ നമ്മുടെ നായകനായി അയച്ചിരിക്കുന്ന, പരിശുദ്ധാത്മാവ് ഒരു സാക്ഷിയാണ്.

80 ഓ നിത്യനായ ദൈവമേ, വഴിയരുകിൽ വീണിട്ട്, വല്ലപ്പോഴും ഹൈവേയിൽ നിന്നും, അകത്തും പുറത്തുമായി വളരെ പതുക്കെ പോകുന്നവരായി ആരെങ്കിലും ഇന്നു രാവിലെ നേരം ഇവിടെ ഉണ്ടെങ്കിലോ; ഒരു പ്രാവശ്യം പോലും എഴുന്നേറ്റ്, മഹാന്മാരായ നായകന്മാരോടൊപ്പം, ഹൈവേയുടെ നടുവിലൂടെ മെതിച്ചുകൊണ്ട് പോകുന്ന നായകന്മാരോടൊപ്പം നടക്കാൻ കഴിയാത്തവർക്കായി, ഇന്നു രാവിലെ നേരം ഞങ്ങൾ പ്രാർത്ഥിക്കുന്നു, അതായത് അവർക്കുള്ളതെല്ലാത്തിനേയും അവർ അങ്ങേയ്ക്ക് സമർപ്പിച്ചിട്ട്, പുറത്തേയ്ക്ക് വന്ന് ഞങ്ങളുടെ ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ മഹത്തായ യുദ്ധ ജയത്തിൽ ആ നന്ദിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. ഇത് അനുവദിക്കേണമെ, പിതാവെ, എന്തെന്നാൽ ഞങ്ങൾ ഇത് യേശുവിന്റെ നാമത്തിൽ ചോദിക്കുന്നു.

81 നാം നമ്മുടെ തലകളെ കുമ്പിട്ടു നിൽക്കുമ്പോൾ. നിങ്ങൾ നിങ്ങളുടെ കൈകളെ ക്രിസ്തുവിലേയ്ക്ക് ഉയർത്തി, "ക്രിസ്തുവേ, ഞാൻ വിലമതിക്കുന്നു, ഞാൻ നിന്നെ ഇനി ഒരിക്കലും ലജ്ജിപ്പിക്കില്ല. എനിക്ക് ഒരൽപ്പം ധൈര്യമില്ലാതായിപ്പോയി." എന്നു പറയുമോ എന്നു ഞാൻ ആശ്ചര്യപ്പെടുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ മഹിളെ. ദൈവം

നിങ്ങളെ അനുഗ്രഹിക്കട്ടെ സർ. ദൈവം നിങ്ങളെയും നിങ്ങളെയും അനുഗ്രഹിക്കട്ടെ. ഓ, എന്റെ, കൈകൾ എല്ലായിടത്തും ഉയർന്നു കൊണ്ടിരിക്കുന്നു! "എനിക്ക് അല്പം ധൈര്യം ക്ഷയിച്ചുപോയി. ഞാൻ ലജ്ജിതനായിപ്പോകും എന്ന ഒരു തോന്നലുണ്ടായി. ഇപ്പോൾ ഞാൻ എന്റെ സ്ഥാനത്തെ വാസ്തവമായും കാണുന്നു. ഞാൻ ഒരിക്കലും അങ്ങനെ ചെയ്യുകൂടായിരുന്നു. ഞാൻ അവിടെ നേരെ നിന്നുകൊണ്ട് എന്റെ സാക്ഷ്യത്തെ പറയണമായിരുന്നു! ഞാൻ തികച്ചും അങ്ങനെ ചെയ്യും. 'ഞാൻ വീണ്ടും ജനിച്ചിരിക്കുന്നു' എന്നു ഞാൻ എല്ലാവരോടും പറയും. 'എനിക്ക് പരിശുദ്ധാത്മാവ് കിട്ടി,' എന്നു ഞാൻ എല്ലാവരോടും പറയും. ഞാൻ സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കില്ല, എന്തെന്നാൽ അത് മാനസാന്തരത്തിലേയ്ക്കുള്ള ദൈവത്തിന്റെ അധികാരമാണ്. ഞാൻ ഒരു വാസ്തവവും മുൻകൈയ്യെടുക്കുന്ന ക്രിസ്ത്യാനിയായിരിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ അങ്ങനെ ആയിരുന്നില്ല. എന്നാൽ, ദൈവത്തിന്റെ സഹായത്താൽ, ഈ ഈസ്റ്റർ പ്രഭാതം മുതൽ, ഞാൻ ആയിരിക്കും. ഞാൻ ആകും." നാം പ്രാർത്ഥിക്കാൻ തുടങ്ങുന്നതിനു മുമ്പ് ഇനിയും ആരെങ്കിലും കൈ ഉയർത്താൻ ആഗ്രഹിക്കുന്നോ? ദൈവം നിങ്ങളെയും, നിങ്ങളെയും, നിങ്ങളെയും അനുഗ്രഹിക്കട്ടെ.

82 എന്റെ, ആ തീരുമാനങ്ങളിലേയ്ക്ക് നോക്കു! ഇന്നു രാവിലെ നേരം ഇവിടെ ഇരിക്കുന്ന ഒരു ചെറിയ കൂട്ടം ജനങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ചോ മുപ്പതോ പേർ ആ തീരുമാനം എടുത്തിരിക്കുന്നു. ഈ ശ്രേഷ്ഠമായ ജയോത്സവപ്രഭാതത്തിൽ, ദൈവത്തിന്റെ കൃപയാൽ, സുവിശേഷത്തിനുവേണ്ടി പുറത്തേയ്ക്ക് പുറപ്പെട്ടു പോകാനും, സുവിശേഷത്തെ ലജ്ജിപ്പിക്കാതിരിക്കാൻ പോകുന്നു, എന്തെന്നാൽ ഇത് മാനസാന്തരത്തിനായി ദൈവത്തിൽ നിന്നുള്ള അധികാരമാണ്.

83 ഓ ദൈവമേ, ഈ കൈകൾ മുകളിലേയക്ക് ഉയരുമ്പോൾ, വഴിയുടെ പിന്നിൽ നിന്ന് ആ ഗാനം മാധുര്യത്തോടെ മാറ്റൊലിക്കൊള്ളുന്നു, ഞങ്ങൾ മരണത്തിൽ നിന്നും ജീവങ്കലേയ്ക്ക് കടന്നിരിക്കുന്നു, എന്തെന്നാൽ നീ പറഞ്ഞിരിക്കുന്നു, "എന്റെ വചനം കേട്ട് എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്." അവർ മരണത്തിൽ നിന്നും ജീവങ്കലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ അവർക്ക് ജീവനുണ്ടാകേണ്ടതിന് നീ മരണത്തെ എടുത്തു, നിന്റെ ഉയിർപ്പിലൂടെ, നിന്നെ ദൂതന്മാരെക്കാളും താഴ്ത്തിയാണ് സൃഷ്ടിച്ചത്, ഒരു മനുഷ്യനായി ഇറങ്ങി വന്നു, ആ അക്കരെയുള്ള ശ്രേഷ്ഠമായ തിയോഫെനിയിൽ നിന്നും, അതാണ് ശരീരമായിത്തീർന്നത്; രക്തമുണ്ടാക്കി, ആ രക്തം ചൊരിഞ്ഞു,

അതിനാൽ ഞങ്ങൾ എല്ലാവരും രക്ഷപ്പെടാൻ ഒരു വഴിയൊരുക്കി. പിന്നെ, അത് ചെയ്തതു മാത്രമല്ല, (ഞങ്ങൾ അത് ബൈബിളിൽ വായിക്കുന്നു), എന്നാൽ നീ അത് ഒരിക്കലും തെറ്റുപറ്റാനാകാത്തവണ്ണം, മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റതിലൂടെ തെളിയിച്ചു, നീ ഭൂമിയിലായിരുന്നപ്പോൾ, മരിച്ചിരുന്നവരെ ഉയിർപ്പിച്ചു; അതു മാത്രമല്ല, നീ അതു അബ്രഹാമിന് നൽകിയതുപോലെ, നീ അതു നൽകി, അതിനെ ദ്വിഗുണീകരിച്ച് വെളിപ്പെടുത്തി; ഇപ്പോൾ, അതിനെല്ലാറ്റിനും പുറമെ, ഒരു സാക്ഷിയെന്നോണം പരിശുദ്ധാത്മാവിനെ മടക്കിയയച്ചു. അവന്റെ അനുഗ്രഹീത സാന്നിദ്ധ്യം ഞങ്ങളിലും, ഞങ്ങളോടൊപ്പവും ഉണ്ടായി, സകല സത്യത്തിലും വെളിച്ചത്തിലും ഞങ്ങളെ നയിച്ചുകൊണ്ടിരിക്കുന്നു.

84 ഇന്നു രാവിലെ സമയം, “ഇപ്പോൾ, ക്രിസ്തുവിനെ ഞാൻ എന്റെ സ്വന്തമായി എടുത്തിരിക്കുന്നു,” എന്നു പറഞ്ഞുകൊണ്ട്, അനേക കരങ്ങൾ മുകളിലേയ്ക്ക് ഉയർത്തപ്പെട്ടതിനാൽ ഞങ്ങൾ അങ്ങേയ്ക്ക് നന്ദിയർപ്പിക്കുന്നു. ഓ ദൈവമേ, അവരുടെ അനുഗ്രഹീത കർത്താവിന്റെ മരണത്തെയും, അടക്കത്തെയും, ഉയിർത്തെഴുന്നേല്പിനേയും പ്രതിനിധാനം ചെയ്യുന്നതിന് അവർ ഒരിക്കലും വെള്ളത്തിൽ സ്നാനമേറ്റിട്ടില്ലെങ്കിൽ, അവർ ഇന്നു രാവിലെ നേരത്തെ സർവ്വീസിലേയ്ക്ക്, അവരുടെ വസ്ത്രങ്ങളുമായി, ഈ തണുത്തുറഞ്ഞ വെള്ളത്തിൽ ഇറങ്ങാൻ തയ്യാറായി മടങ്ങിവരാൻ ഇടവരട്ടെ. ഇതു അനുവദിക്കേണമെ, പിതാവെ.

85 ഞങ്ങളെ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ പാപങ്ങളെ പൊറുക്കേണമെ. വരും കാലങ്ങളിലൂടെ ഞങ്ങൾ അങ്ങേയ്ക്ക് പുകഴ്ചകളെ തരും. യുദ്ധമെല്ലാം കഴിഞ്ഞിരിക്കുമ്പോഴും, പുക മുഴുവനായി അമർന്നു കഴിയുമ്പോഴും, എല്ലാ ആനന്ദവും അവസാനിക്കുമ്പോഴും, ഞങ്ങൾ സ്തുതിച്ചുകൊണ്ടിരിക്കുന്ന ഈ ഭൂമിയിലെ ചുണ്ടുകളിലൂടെ, ഞങ്ങൾക്ക് ലഭിച്ചിട്ടുള്ള എല്ലാറ്റിനാലും ഞങ്ങൾ അങ്ങേ സ്തുതിക്കും, അങ്ങയെ സ്തുതിക്കാനായി, ഞങ്ങൾക്ക് പുതിയ ശബ്ദങ്ങൾ ഉണ്ടാകും, പുതിയ ജീവികളായിതീരും. അന്ന് ഞങ്ങൾ ആനന്ദത്തിലേയ്ക്ക് കടന്നു കഴിഞ്ഞെന്നും വരാം. എന്തെന്നാൽ ഞങ്ങൾ ഇതെല്ലാം ക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ!

86 ഇപ്പോൾ നമ്മുടെ കാലുകളിൽ എഴുന്നേറ്റു നിൽക്കാം. [ആരോ വിളിക്കുന്നു, “ബ്രദർ ബ്രൺഹാം?” ബ്രദർ ബ്രൺഹാം ആരോടോ സംസാരിക്കുന്നു—Ed.] ഒമ്പതരയ്ക്കുള്ള സർവ്വീസുകളെ ചെന്ന് എന്റെ ശിഷ്യന്മാരോട് പറവിൻ,” എന്ന ഒരു അതിപ്രാധാന്യമേറിയ കാര്യം ചെയ്യാനേല്പിച്ച പ്രവർത്തി

ഇതുവരെ ഉണ്ടായിട്ടില്ല. അത് ഒരു മഹത്തായ ചെയ്യാനേല്പിച്ച പ്രവർത്തിയായിരുന്നു. ഇത് ചെയ്യാനാകുന്ന ഏക വഴിയെന്നത്, എന്തായിരുന്നെന്നാൽ ആദ്യം തന്നെ ഒരു ശ്രേഷ്ഠമായ ജയം കൈവരിക്കേണ്ടതായിട്ടുണ്ടായിരുന്നു. മറക്കരുത്, ഒമ്പതര. വീട്ടിലേയ്ക്ക് ചെന്ന്, നിങ്ങളുടെ പ്രഭാതഭക്ഷണമാകാം. തിരികെവരിക, ഞങ്ങൾ നിങ്ങളോടൊപ്പം ഇപ്പോൾ ആയിരിക്കുമെന്നു പ്രതീക്ഷിക്കുന്നു. പിന്നെ, ഇന്നു രാത്രി ഓർക്കുക. ഇന്നു ഉച്ചകഴിയുമ്പോൾ, വായിക്കാനും പ്രാർത്ഥിക്കാനുമായി എനിക്ക് ദൂരം പേകേണ്ടതുണ്ട്.

87 ഞാൻ നിങ്ങളോട് ഇത് പറഞ്ഞതെന്തെന്നാൽ അത്, ക്രിസ്തു മരിച്ചിട്ടില്ല, ക്രിസ്തു ജീവിച്ചിരിക്കുന്നു. അവന്റെ ജീവിത യാത്രയിലും, അവൻ ഉയിർത്തെഴുന്നേറ്റ ആദ്യ ഈസ്റ്റർ പ്രഭാതത്തിൽ ചെയ്ത, അതേ കാര്യങ്ങൾ, ഇന്നു രാത്രി നേരം ഈ കെട്ടിടത്തിൽ വെച്ചു തന്നെ ചെയ്ത്, അവൻ ജീവിച്ചിരിക്കുന്നു എന്നു നിങ്ങളെ കാണിക്കും എന്നു എന്റെ മുഴു ഹൃദയത്തോടും കൂടെ വിശ്വസിക്കുന്നു. അത് അങ്ങനെ അല്ലെന്നുവന്നാൽ, ഞാൻ ഒരു കള്ളപ്രവാചകനാണ്. ഇന്നു നാം ജീവിച്ചുകൊണ്ടിരിക്കുന്ന ഇപ്പോഴത്തെ ഈ മഹാ അന്ധകാരത്തിന്റെ നാളുകളിൽ, സകല പ്രതീക്ഷയും നീങ്ങിപ്പോയി എന്നു കാണുമ്പോൾ; ക്രിസ്തു, എന്ന ഉറച്ച പാറയിൽ നമുക്കു നിൽക്കാനാകും, മറ്റെല്ലായിടവും മുങ്ങിപ്പോകുന്ന മണലാകുന്നു. ശരി.

88 പിരിച്ചു വിടലിന്റെ നമ്മുടെ ആ ചെറിയ ഗാനം, *യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം എടുത്തുകൊണ്ടു പോകുക.* എല്ലാവരും, ഇപ്പോൾ ഒരുമിച്ച്.

യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം എടുക്കു
ശാപത്തിന്റെയും ദുഃഖത്തിന്റെയും കുഞ്ഞിനെ
അത് ആനന്ദവും...

89 ചുറ്റും തിരിഞ്ഞ്, കൈ പിടിച്ചു കുലുക്കി, "കർത്താവിന് മഹത്വം" എന്നു നിങ്ങളുടെ അടുത്തു നിൽക്കുന്ന ആരോടെങ്കിലും പറയൂ. [ബ്രദർ ബ്രൺഹാം മറ്റുള്ളവരുടെ കൈ പിടിച്ചു കുലുക്കിക്കൊണ്ട്, ആനന്ദത്താൽ ദൈവത്തിന് മഹത്വം! എന്നു പറയുന്നു—Ed.]

ഭൂമിയുടെ പ്രതീക്ഷയും സ്വർഗ്ഗത്തിൻറെ ആനന്ദവും;
വിലപ്പെട്ട നാമം, ഓ എത്ര മാധുരം!
ഭൂമിയുടെ പ്രതീക്ഷയും സ്വർഗ്ഗത്തിൻറെ ആനന്ദവും.

90 ഇപ്പോൾ എല്ലാവരും ഇവിടേയ്ക്ക് നോക്കുമോ? നമുക്ക് അവന് മഹത്വം കൊടുക്കാം. "എന്റെ പ്രാണനെ രക്ഷിച്ചതിനാൽ, നിനക്ക്

നന്ദി, കർത്താവേ," എന്നു നമ്മുടെ കൈകളെ ഉയർത്തി പറയാം. ശരി, എല്ലാവരും.

നന്ദി കർത്താവേ, നീ എന്റെ പ്രാണനെ രക്ഷിച്ചു
എന്നെ പൂർണ്ണനാക്കിയതിനാൽ. നന്ദി കർത്താവേ.
നന്ദി, കർത്താവേ, കാരണം എനിക്ക് നൽകി,
അങ്ങയുടെ മഹത്തായ രക്ഷ മുഴുവനും സൗജന്യമാണ്.

91 എന്തൊരു അനുഗ്രഹീതമായ കാര്യം! നിങ്ങൾ അവനെ സ്നേഹിക്കുന്നില്ലേ? "ആമേൻ" പറയൂ. [കൂട്ടായ്മ "ആമേൻ" പറയുന്നു "ആമേൻ"—Ed.] ഓ, ആ...കുട്ടികളെ ഇപ്പോൾ എല്ലാം പൂർത്തിയാക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. സകലതും കഴിഞ്ഞിരിക്കുന്നു, ഇനി ഒരു യുദ്ധമില്ല, ഇന്നു ഒരു യുദ്ധത്തിനുള്ള തയ്യാറെടുപ്പിൻറെ ആവശ്യമില്ല, നിങ്ങൾ ചെയ്യേണ്ടതായി ഒന്നുമില്ല; അതെല്ലാം മുമ്പേ കഴിഞ്ഞിരിക്കുന്നു. നിങ്ങൾ ആനന്ദിക്കുക മാത്രം ചെയ്യുക, ഓ, എന്റെ! നാം അവനിൽ പൂർണ്ണമായിരിക്കുന്നു.

...ചാഞ്ഞുകൊണ്ട്,
എല്ലാ ഭയാശങ്കകളിൽ നിന്നും സുനിശ്ചിതമായി
സംരക്ഷിച്ചു;
ചാഞ്ഞുകൊണ്ട്, ചാഞ്ഞുകൊണ്ട്,
നിത്യതയുടെ കരങ്ങളിലേയ്ക്ക് ചാഞ്ഞുകൊണ്ട്.

ഓ, ഈ തീർത്ഥാടന വഴിയിൽ നടക്കാൻ എത്ര
മാധുര്യം,
നിത്യമായ കൈകൾ ചാഞ്ഞുകൊണ്ട്;
ഓ, ഓരോ ദിവസന്തോറും വഴി എത്ര പ്രകാശമയമായി
തിളങ്ങുന്നു,
നിത്യമായ കൈകളിൽ ചാഞ്ഞുകൊണ്ട്.

ചാഞ്ഞുകൊണ്ട്, ചാഞ്ഞുകൊണ്ട്,
സകല ആപത്സൂചനകളിൽ നിന്നും സുരക്ഷിതവും
ഭദ്രവും;
ചാഞ്ഞുകൊണ്ട്, ചാഞ്ഞുകൊണ്ട്,
നിത്യമായ കൈകളിൽ ചാഞ്ഞുകൊണ്ട്.

നിങ്ങളുടെ കൈയ്യിൽ ടവ്വാലയുണ്ടെങ്കിൽ അതു പുറത്തെടുക്കാം.

...ഓ, ചാഞ്ഞുകൊണ്ട്,
എല്ലാ ഭയാശങ്കകളിൽ നിന്നും സുനിശ്ചിതം സംരക്ഷിച്ചു;
ചാഞ്ഞുകൊണ്ട്, ചാഞ്ഞുകൊണ്ട്,
നിത്യതയുടെ കരങ്ങളിലേയ്ക്ക് ചാഞ്ഞുകൊണ്ട്.

ഇപ്പോൾ നിങ്ങളുടെ ബൈബിളിൽ...

ചാഞ്ഞുകൊണ്ട്, ചാഞ്ഞുകൊണ്ട്,
എല്ലാ ഭയാശങ്കകളിൽ നിന്നും സുനിശ്ചിതം സംരക്ഷിച്ചു;
ചാഞ്ഞുകൊണ്ട്, ചാഞ്ഞുകൊണ്ട്,
നിത്യതയുടെ കരങ്ങളിലേയ്ക്ക് ചാഞ്ഞുകൊണ്ട്.

92 അത് എന്തായിരുന്നു? സുനിശ്ചിതവും സംരക്ഷണവും, എല്ലാം കഴിഞ്ഞു, എല്ലാം അവസാനിച്ചു, ആ യുദ്ധം കഴിഞ്ഞിരിക്കുന്നു, ആ അവസാന മുദ്രയും പൊട്ടിച്ചു, അവൻ മുകളിലേയ്ക്ക് കയറി. ഹല്ലേലൂയാ!

ചാഞ്ഞുകൊണ്ട്, ചാഞ്ഞുകൊണ്ട്,
എല്ലാ ഭയാശങ്കകളിൽ നിന്നും സുനിശ്ചിതം സംരക്ഷിച്ചു;
ചാഞ്ഞുകൊണ്ട്, ചാഞ്ഞുകൊണ്ട്,
നിത്യതയുടെ കരങ്ങളിലേയ്ക്ക് ചാഞ്ഞുകൊണ്ട്.

93 ഇപ്പോൾ നമുക്ക് ദൈവം നമ്മെ എടുത്തു പൊടിയിലേയ്ക്ക് നമ്മുടെ തലകളെ കുനിക്കാം, അവിടെ നിന്നും ഒരുനാൾ, ഭൂമിയുടെ പൊടിയിൽ നിന്നും മുകളിലേയ്ക്ക് വരും. എന്തെന്നാൽ നമ്മുടെ കർത്താവ് മണ്ണിൽ നിന്നും എടുത്ത്, പൊടിയിലേക്ക് പോയി; അവന്റെ അനശ്വരമായ ആത്മാവിനെ നമുക്ക് നൽകാൻ, അവൻ പൊടിയിൽ നിന്നും ഉയരങ്ങളിലേക്ക് പോയി. അവനിലുള്ളവർ, ഒരുദിവസം അനുഗ്രഹിക്കപ്പെട്ടവരുടെ സ്ഥലത്തേയ്ക്ക് പോകാനായി അവനോടൊപ്പം ഉയരങ്ങളിൽ പോകും.

94 നാം നമ്മുടെ തലകളെ കുമ്പിട്ടു നിൽക്കുക. ഇന്നു രാവിലെ സമയത്ത്, ചർച്ച ഓഫ് ഗോഡിലെ പാസ്റ്റർ, സഹോദരൻ സ്മിത്ത്, നമ്മൊടൊപ്പമുള്ളത് ഞാൻ കാണുന്നു. സഹോദരൻ സ്മിത്ത് നിങ്ങൾ ഒന്നു വെളിയിലേക്ക് വരിക. ഒരു ചില വാക്കുകൾ പ്രാർത്ഥിച്ച് നമ്മുടെ സഹോദരൻ സ്മിത്ത് നമ്മെ പറഞ്ഞയക്കും എന്നു ഇപ്പോൾ, ഞാൻ ആശ്ചര്യപ്പെടുന്നു. അതിനു ശേഷം നിങ്ങളുടെ വീട്ടിലേയ്ക്ക് പെട്ടെന്ന് ചെന്ന് പ്രഭാത ഭക്ഷണം കഴിച്ചുകൊള്ളുക. സണ്ടേസ്കൂൾ ക്ലാസ് സർവ്വീസിലേയ്ക്കും, പിന്നെ സ്നാന ശുശ്രൂഷയ്ക്കുമായി തിരികെ

വരിക, ഒമ്പതര കഴിഞ്ഞയുടനെ തന്നെ ആരംഭിക്കുന്നതായിരിക്കും. സഹോദരൻ സ്മിത്ത്, പ്രാർത്ഥനയാൽ പിരിച്ചു വിടുന്നതുവരേയും, നമുക്ക് നമ്മുടെ തലകൾ കുമ്പിട്ടു നിൽക്കാം

ശ്രേഷ്ഠനും ശക്തനുമായ വിജയി MAL57-0421s

(The Great And Mighty Conqueror)

ഈസ്റ്റർ ഉണർവ്വ് പരമ്പര

അമേരിക്കയിലെ ജെഫേർസൺവില്ലെയിലെ ബ്രൺഹാം കൂടാരത്തിൽ വെച്ച് 1957 ഏപ്രിൽ മാസം 21-ആം തീയതി, ഈസ്റ്റർ ഞായറാഴ്ച വൈകിട്ട്, ബ്രദർ വില്യം മാരിയൺ ബ്രൺഹാം ചെയ്ത പ്രസംഗം, കാന്തശക്തിയുള്ള ടേപ്പിൽ നിന്നും പുസ്തക രൂപത്തിലേക്ക് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ, കൃത്യമായി ഇംഗ്ലീഷിൽ പകർത്തിയതിനെ, മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിനു വേണ്ടി എല്ലാവിധ പ്രയത്നങ്ങളും ചെയ്ത് Voice Of God Recordings നിന്നും വിശ്വാസികളുടെ സംഭാവന മൂലം ഈ പുസ്തകം സൗജന്യമായി വിതരണം ചെയ്യുന്നു.

MALAYALAM

©2017 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org